# മുഖവുര

**യെരുശലേമും അതിനപ്പുറവും**

യേശു ഉയർത്തെഴുന്നേറ്റതിനു ശേഷമുള്ള ആദ്യവർഷങ്ങളിൽ, യെരുശലേമിൽ നിന്നായിരുന്നു സുവിശേഷം ചുറ്റുമുള്ള പ്രദേശങ്ങളിലേക്ക് വ്യാപിച്ചത്. എഫെസൊസ്, കൊരിന്ത് തുടങ്ങിയ ഭരണ കേന്ദ്രങ്ങളിലേക്കും, വ്യാപാരമേഖലകളിലേക്കും യെരുശലേമിൽ ആരംഭിച്ച സഭ സ്വതാൽപര്യത്താൽ വ്യാപിക്കുന്നതായി ചരിത്രം വ്യക്തമാക്കുന്നു. എങ്ങനെയായാലും, കടന്നു പോകുന്ന താൽപര്യത്തിലുപരിയായി, ചരിത്രത്തിൽ, ആളുകൾ പുതിയ നിയമം വായിക്കുവാൻ പ്രേരിതരായി. ഒന്നാം - നൂറ്റാണ്ടിലെ ക്രിസ്തുവിന്റെ ഉപദേശത്തിന്റെ സ്വാധീനം പുതിയ നിയമ സന്ദേശം ആരംഭിച്ചതുമുതൽ പ്രകടമായ മാറ്റം വരുത്തി. പൗലൊസ് തന്റെ ഒന്നാമത്തെ ലേഖനം കൊരിന്ത്യർക്ക് എഴുതിയപ്പോൾ - മറ്റെല്ലാ പുതിയ നിയമ രേഖകളെ പോലെ തന്നെ - അവ ലോക സാഹചര്യത്തിന് യോജിക്കുന്നവയായിരുന്നു, ഒരു പാറ കുളത്തിൽ വീഴുമ്പോഴുണ്ടാകുന്ന വൃത്തം വ്യാപിക്കുന്നതുപോലെയായിരുന്നു സുവിശേഷം യെരുശലേമിൽനിന്നു ധ്രുതഗതിയിൽ വ്യാപിച്ചത്.

ആരംഭത്തിൽ, യെഹൂദ്യയിൽ താമസിച്ചിരുന്ന യെഹൂദ ക്രിസ്ത്യാനികളായിരുന്നു ഉണ്ടായിരുന്നത്. ആരംഭത്തിലെ യെഹൂദ ക്രിസ്ത്യാനികൾ മിക്കപേരും അൽപം മാത്രം സ്വത്തോ അല്ലെങ്കിൽ രാഷ്ട്രിയ സ്വാധീനമോ മാത്രം ഉള്ളവരായിരുന്നു. ഔദ്യോഗിക തലത്തിലുള്ള ഇടുങ്ങിയ യെഹൂദ മതം, മതാദ്ധ്യക്ഷന്മാരടക്കം വിശ്വാസത്തെയും ക്രിസ്തീയ നവീന ആശയങ്ങളെയും എതിർത്തു.

പരിമിതമായ വിഭവങ്ങൾ മാത്രം ഉണ്ടായിരുന്ന യെഹൂദ്യ നിവാസികൾക്കു ശേഷം, പ്രാരംഭ സഭ വ്യാപ്തി പ്രാപിക്കുവാനിടയായത്, യെരുശലേം രംഗം കാണാത്തവരും, മാറ്റം ആഗ്രഹിച്ചിരുന്ന യെഹൂദ സമൂഹത്തിലായിരുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ അവരെ പറഞ്ഞിരിക്കുന്നത് യവന ഭാഷക്കാർ എന്നാണ് (പ്രവൃ. 6:1), അവർ എബ്രായ ഭാഷയോ, അരാമിക് ഭാഷയോ സംസാരിക്കാതെ ദീർഘ - നാളുകളായി യെരുശലേമിൽ താമസിക്കുന്നവരായിരുന്നു, അവരുടെ മാതൃഭാഷ ഗ്രീക്ക് ആയിരുന്നു.

റോമാലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു വന്നവരായിരുന്നു യവന ഭാഷക്കാരിൽ മിക്കപേരും, അല്ലെങ്കിൽ എല്ലാവരും. അവരിൽ ചുരുക്കം ചിലർ യെഹൂദ്യയിൽനിന്നും വളരെ അകലെ അടിമകളായിരുന്നു; അവർക്ക് സ്വാതന്ത്ര്യം ലഭിച്ചു. സ്വതന്ത്ര മനുഷ്യർ ആയ നിലയിൽ അവരുടെ സ്വാതന്ത്ര്യ സ്ഥിതി അനിശ്ചിതാവസ്ഥിയിലായി. യജമാനന്മാർ തങ്ങളുടെ ദാസന്മാരുടെ സാമ്പത്തിക ബാധ്യതകൾ ഒഴിവാക്കി കൊടുത്തു, സ്വതന്ത്രരായ യെഹൂദന്മാർ തങ്ങലുടെ കുടുംബമോ വേരുകളോ കണ്ടെത്താതിരുന്നതിനാൽ, അവർ സ്വയമായി നിൽക്കുവാൻ ആഗ്രഹിച്ചു യെഹൂദ്യയിലുണായിരുന്നവർക്ക് സ്ഥലം മാറി വന്ന സ്വന്ത നാട്ടുകാരോട് സഹതാപമായിരുന്നു കാണിച്ചിരുന്നത്. അവ

രുടെ ബന്ധുക്കൾ വിദൂര ദേശമായ "ഡയാസ്പോറയിൽ" അതായത്, "ചിതറി പാർത്തവർ"[1] ആയിരുന്നു. പൊതുവായ മത പൈതൃകമായിരിക്കാം കനാനിലെ യെഹൂദന്മാരോട് അവരുടെ ബന്ധുക്കൾ നാട്ടിലേക്ക് തിരിച്ചുവരുവാൻ പ്രേരിപ്പിച്ചതിന്റെ കാരണം. കനാൻ ദേശത്ത് നിന്നു വീണ്ടും സ്വദേശത്തു വന്നു താമസിക്കുവാൻ ആഗ്രഹിക്കുന്നവരെ സാമ്പത്തികമായും മറ്റും സഹായിക്കുവാൻ, റോമാ ലോകത്ത് താമസിച്ചിരുന്ന യെഹൂദന്മാർ തയ്യാറായി. സ്വീകാര്യതയും സമ്പത്തും, ഡയാസ്പോറയിലുള്ളവർ യെഹൂദ്യയിലേക്ക് മടങ്ങുവാൻ തീരുമാനിച്ചു; പുനരധിവാസത്തിനപ്പുറമായി ആ യെഹൂദന്മാർക്ക് വീട്ടിൽ മടങ്ങി വന്നതായി തോന്നണമായിരുന്നു. പ്രാദേശിക സമൂഹത്തിൽനിന്നും അവരെ അകറ്റി നിർത്തിയത് ഭാഷയും ആചാരവുമായിരുന്നു. യവന - ഭാഷ സംസാരിച്ചിരുന്ന യെഹൂദന്മാർക്ക് മറ്റുള്ളവരുമായി ഇടപഴകുക എന്നത് പ്രയാസമായിരുന്നു - യെഹുശലേമിലെ ഏക ദൈവത്തിൽ വിശ്വസിച്ചിരുന്നവർക്കിടയിലും അതു തന്നെയായിരുന്നു സ്ഥിതി. യവന ഭാഷക്കാരായവർ തനിയെ നിലനിന്നു. അവർ തങ്ങളുടെതായ പള്ളികൾ പണിയുകയും, അവരുടെ അയൽക്കാരായി താമസിക്കുകയും ചെയ്തു.

യെഹൂദ്യ സമൂഹത്തിൽ സുവിശേഷ സന്ദേശം വ്യാപിക്കുവാൻ തുടങ്ങിയപ്പോൾ, യേശു തന്നെയാണ് ക്രിസ്തു എന്ന സാക്ഷ്യവും, അവൻ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു പിതാവിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നു എന്നതും യവന ഭാഷക്കാരിൽ അനവധി പേർ വിശ്വസിച്ചു. യെഹൂദ പാരമ്പര്യത്തിൽ നിലനിന്നിരുന്ന അവരുടെ സഹോദരന്മാരിൽനിന്നു വ്യത്യസ്തമായി ഇവർ ക്രിസ്ത്യാനികളായപ്പോൾ അവർക്ക് നഷ്ടപ്പെടുവാൻ അധികമൊന്നുമില്ലായിരുന്നു. പെന്തെകൊസ്തു നാളിൽ പ്രസംഗം നടന്ന് കുറെ നാളുകൾക്കുള്ളിൽ, യവനഭാഷക്കാരിൽ നല്ലൊരു ശതമാനം ആളുകൾ സഭയുടെ ഭാഗമായി തീർന്നു. യെഹൂദ്യയിലെ രണ്ടാം - കിട പൗരന്മാരായി ജീവിക്കുകയായിരുന്നു, അവർ തുല്യനിലവാരത്തിൽ ഉള്ള അംഗീകാരം പ്രതീക്ഷിച്ചിരുന്നു. അതിനാൽ, അവരുടെ വിധവമാരെ സഭ ഗണ്യമാക്കാതിരുന്നപ്പോൾ, അവർ അസ്വസ്തരായതിൽ അതിശയിക്കുവാൻ കഴിയുകയില്ല. സഭ അവരുടെ പരാതി കേട്ടു. അവർ കണ്ട  അവഗണന ഒഴിവാക്കുവാനായി, അവരിൽനിന്ന് ഏഴുപേരെ സഭ തിരഞ്ഞെടുത്തു (പ്രവൃ. 6:5). പ്രവൃത്തികൾ 6:8-7:60 ലും, 8:4-40 ലും കാണുന്നതുപോലെ, സ്തെഫാനൊസും ഫിലിപ്പൊസും സഭയിൽ നായകന്മാരായി തീർന്നു. മതാദ്ധ്യക്ഷന്മാർക്കും രാഷ്ട്രീയമായി അംഗീകരിക്കപ്പെട്ട യെഹൂദന്മാർക്കും സ്തെഫാനൊസ് ജ്വലിക്കുന്ന ദീപശിഖയായി, യേശുവിനോടുള്ള എരിവ് നിമിത്തം അവൻ തന്റെ ജീവൻ തന്നെ വിലയായി നൽകി. സ്തെഫാനൊസ് രക്ത - സാക്ഷിയായതോടെ, ക്രിസ്ത്യാനികൾക്ക് ഭയങ്കരമായ ഉപദ്രവം നേരിട്ടു. അവൻ വടക്കോട്ട് സഞ്ചരിച്ച് ശമര്യയിൽ ചെന്ന് മിഷ്ണറിയായി പ്രവർത്തിച്ചു. ശമര്യക്കാരുടെയിടയിൽ ക്രിസ്ത്യാനികൾ പെരുകിയതാണ് ഉപദ്രവത്തിനുള്ള മറ്റൊരു കാരണം (പ്രവൃ. 8:5-25).

യവനഭാഷക്കാരും, ശമര്യക്കാരും സ്വീകരിച്ച ശേഷം, സുവിശേഷ വാതിൽ ജാതികൾക്കിടയിൽ തുറക്കപ്പെട്ടു. കൊർന്നെല്യോസിന്റെ പരിവർത്തനം ഒരു നാഴികക്കല്ലായി തീർന്നു (പ്രവൃ. 10); എന്നാൽ ജാതികളിൽനിന്നു ക്രിസ്ത്യാനികളായി തീർന്നവരുടെ കേന്ദ്രം കൈസര്യയായിരുന്നില്ല, മറിച്ച് ദത്തെടുക്കപ്പെട്ട കൊർന്നെല്യോസിന്റെ ഭവനമായിരുന്നു. മറ്റു ക്രിസ്ത്യാനികൾ പടിഞ്ഞാറോട്ടും വടക്കോട്ടും പോയി സോരിലേക്കും,

സിദോനിലേക്കും, പിന്നെ ഫൊയ്നിക്യ പട്ടണങ്ങളിലേക്കും, സുപ്രസിദ്ധ കുപ്രൊസ് ദ്വീപിലേക്കും പോയി. ചുരുങ്ങിയ സമയത്തിനുള്ളിൽ സുവിശേഷ വിത്ത് അന്ത്യോക്യയിലും വിതറി., അത് റോമാ ലോകത്തിലെ ഏറ്റവും അധികം ജനസംഖ്യയുണ്ടായിരുന്ന പ്രദേശമായിരുന്നു. "ശിഷ്യന്മാരെ ആദ്യം അന്ത്യോക്യയിൽ വെച്ച് ക്രിസ്ത്യാനികൾ എന്ന് വിളിച്ചിരുന്നതായി ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു" (പ്രവൃ. 11:26). അന്ത്യോക്യയിലെ സഭയിൽ അധികഭാഗവും ജാതികളിൽനിന്നു പരിവർത്തനം ചെയ്തവരായിരുന്നു. അന്ത്യോക്യയിൽനിന്ന്, അപ്രതീക്ഷിത സ്ഥലങ്ങളിലേക്ക് സുവിശേഷം വ്യാപിച്ചു, പൗലൊസിന്റെ മിഷ്ണറി യാത്ര തുടങ്ങിയത് ആ പട്ടണത്തിൽനിന്നുമായിരുന്നു.

പലപ്പോഴും വേഗത്തിലുള്ള വളർച്ചയോടൊപ്പം വിവാദങ്ങളും ഉയരുവാൻ തുടങ്ങി. സഭയെ ബാധിച്ച ആദ്യ ചോദ്യം, ക്രിസ്ത്യാനിയാകുമ്പോൾ ഒരു വിധത്തിൽ യെഹൂദനാകുന്നോ ഇല്ലയോ എന്നതായിരുന്നു. ജാതികളിൽനിന്നു പരിവർത്തനം ചെയ്തവരെ യെഹൂദ ക്രിസ്ത്യാനികൾ അവരുടെ പൂർവ്വപിതാക്കന്മാരിൽനിന്നു കൈമാറി കിട്ടിയ സമ്പ്രദായം അടിച്ചേൽപിക്കുവാൻ തുടങ്ങി. പൗലൊസിന് അത്തരം ഒരു ഉപദേശവും ലഭിച്ചിരുന്നില്ല. പൗലൊസ് ബർന്നബാസിനോടുകൂടെ ഒരു തുറന്ന ചർച്ചക്കായി യെരുശലേമിമേക്ക് പോയി (പ്രവൃ. 15:1, 2). യെരുശലേമിലെ അദ്ധ്യക്ഷന്മാരോട് എതിർക്കുകയായിരുന്നില്ല പൗലൊസിന്റെ ലക്ഷ്യം, മറിച്ച് ജാതികളുടെ അപ്പോസ്തലൻ എന്ന നിലയിൽ എല്ലാവരും യോജിച്ച് യെഹൂദര - ല്ലാത്ത ആളുകളോട് സുവിശേഷം അറിയിക്കണം എന്നതായിരുന്നു.

യെരൂശലേമിലെ യോഗത്തിനു ശേഷം, ശിലാസിനോടുകൂടെ അവൻ തിമൊഥെയൊസിനോടും ചേർന്നു (പ്രവൃ. 16:1). ഗ്രീക്ക് - റോമാ ലോകത്തിലേക്ക് തിരിയുവാനായിരുന്നു പൗലൊസിന്റെ നീക്കം. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, ഇന്നത്തെ ആധുനിക തുർക്കിയിലേക്കും, അവി ടെനിന്നു ആസ്യയിൽ എത്രത്തോളം പോകാമോ, അവിടെയേല്ലാം സഞ്ചരിച്ചശേഷം, യൂറോപ്പിലേക്കും കടന്നു (പ്രവൃ. 16:10, 11).

ക്രമേണ പൗലൊസും സംഘവും, ഗ്രീക്കിലെ - ഫിലിപ്പിയ, തെസ്സലൊനിക്യ, ബെരോവ, അഥേന, കൊരിന്ത് എന്നീ പ്രദേശങ്ങളിൽ ധാരാളം ശിഷ്യന്മാരെ വിട്ടിട്ടാണ് പോയത്. അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന ആളുകൾ പരിവർത്തനം ചെയ്യപ്പെട്ടപ്പോൾ, അവരെ അപ്പൊസ്തലൻ, വരുവാനുള്ള ലോകത്തിൽ ദൈവത്തോടുകൂടെ ജീവിക്കുവാൻ, രക്ഷാസന്ദേശം സ്വീകരിച്ചതിനാൽ ദൈവകൃപയിലും, അവന്റെ വചനത്തിലും ഭരമേൽപിച്ചു. ദൈവം മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ട്, നസ്രേത്തുകാരനായ യേശുവായി ജീവിച്ചു, അവന്റെ ഉപദേശത്തോട് എതിർത്ത മതാദ്ധ്യക്ഷന്മാർ റോമാക്കാരോട് ചെർന്ന് അവനെ ക്രൂശിൽ തറെപ്പിച്ചുകൊന്നു. എന്നാൽ ദൈവം യേശുവിനെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ചു. മനുഷ്യ വർഗത്തെ വീണ്ടെടുക്കുവാനുള്ള ദൈവികപദ്ധതിയായിട്ടായിരുന്നു യേശു മരിച്ചത്. രക്ഷ മറ്റൊരുത്തനിലും ഇല്ല (പ്രവൃ. 4:12). രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ. യേശു പരിഷ്ക്കരിച്ചതിനെ, ക്രിസ്ത്യാനികളാകുന്നവർ ഉൾക്കൊള്ളണം. രക്ഷ വ്യക്തികളിലേക്ക് എത്തിക്കുന്നതിനുപുറമെ, യേശു, രക്ഷിക്കപ്പെട്ടു സഭയായി തീർന്നവരുടെമേൽ - വാഴുകയും ചെയ്യുന്നു.

## കൊരിന്തിൽ സുവിശേഷം പരിചയപ്പെടുത്തി

കൊരിന്ത്, എഫെസൊസ് തുടങ്ങിയ കേന്ദ്രങ്ങളിൽനിന്നു ഗ്രീക്ക് - റോമാ ലോകത്തിലേക്ക് സുവിശേഷം വേഗത്തിൽ വ്യാപിക്കുവാൻ തുടങ്ങി. ബി. സി. അഞ്ചാം നൂറ്റാണ്ടിൽ, ഹെരോദോത്താസ് എഴുതി, "മെക്കാനിക്കുമാരെ, തുഛീകരിക്കാതിരുന്ന ഒരു സ്ഥലമായിരുന്നു കൊരിന്ത്."[2] കൊരിന്ത്, എഫെസൊസ് എന്നീ പട്ടണങ്ങളെ വേർതിരിച്ചിരുന്നത്, അയേഗ്യൻ കടലിൽന ിന്നു നീണ്ടു കിടന്ന ഒരു - ദ്വീപ് ആയിരുന്നു. എന്നിരുന്നാലും ആ പട്ടണം കയറ്റുമതിയിൽ പ്രസിദ്ധമായിരുന്നു. ഹെരോദോദാത്താസിന് അഞ്ഞൂറു വർഷങ്ങൾക്ക് ശേഷം, റോമാക്കാരുടെ ഭരണവും വ്യാപാരവുമുള്ള ഒരു പുതിയ പട്ടണമായി കൊരിന്ത് മാറി. ഇടക്കിടക്ക് ആ പട്ടണങ്ങൾ തമ്മിൽ സഞ്ചാരവും വ്യാപാരവും നടത്തിയിരുന്നു. ഏതാനും ദിവസങ്ങളിലേക്കുള്ള യാത്രക്കിടയിൽ ദ്വീപുകളിൽ തങ്ങുവാനും കഴിയുമായിരുന്നു. കെംക്രയ തുറമുഖവും, എഫെസൊസ് തുറമുഖവും തമ്മിലുള്ള ദൂരം ഇരുന്നൂറു മൈൽ ആയിരുന്നു. കെംക്രയ പട്ടണത്തിൽനിന്നു നാല് മൈൽ നടന്നാൽ കൊരിന്ത് പട്ടണത്തിന്റെ കേന്ദ്രത്തിലെത്തുമായിരുന്നു. ആ വട്ടണങ്ങൾ തമ്മിലുള്ള വ്യാപാരബന്ധം ഊഷ്മളമായിരുന്നു.

പൗലൊസ് ആദ്യമായി കൊരിന്തിൽ പ്രത്യക്ഷമായത്, ഏ. ഡി. 49 ലെ വസന്തകാലത്തിൽ ആയിരുന്നേക്കാം. പെന്തെക്കൊസ്തു നാളിൽ പത്രൊസ് പ്രസംഗിച്ച് ഇരുപതു വർഷം കഴടന്നുപോയി (പ്രവൃ. 2). അപ്പോഴേക്കും ക്രിസ്ത്യാനിത്വം ഒരു ലോകമെമ്പാടുമുള്ള മതമായി തീർന്നിരുന്നു. ചരിത്രരേഖകളുമായി ഒത്തു നോക്കിയാൽ, കൊരിന്തിലെ പൗലൊസിന്റെ കാലയളവ് കൃത്യമായി കണക്കാക്കാം. പൗലൊസ് കൊരിന്ത് വിട്ടുപോയി അധികം താമസിക്കാതെ, അപ്പൊസ്തലനെ ഗ്രീക്കിന്റെ തെക്കു ഭാഗത്ത് സ്ഥിതി ചെയ്തിരുന്ന അഖായയിലെ നാടുവാഴിയുടെ അടുക്കലേക്കായിരുന്നു കൊണ്ടു പോയത്.ഭരണാധികാര പദവിയുള്ള ഗലിയോ ആയിരുന്നു അന്നത്തെ നാടുവാഴി.

ഒരു റോമാ നാടുവാഴി അന്നത്തെ ശക്തനായ അധികാരിയായിരുന്നു. സാധാരണ നിയമനം റോമാ കുടുംബത്തിൽ പെട്ടവർക്കായിരുന്നു. അയാൾ പ്രവർത്തിച്ചിരുന്നത് "മുഖ്യഭരണാധികാരിക്കു" വേണ്ടിയായിരുന്നു, റോമിന്റെ റിപ്പബ്ലിക്കൻ കാലയളവിൽ, പട്ടണത്തിന്റെ മുഖ്യ ഭരണാധികാരിയായ ഉദ്യോഗസ്ഥനായിരുന്നു കോൺസൽ. അഗസ്റ്റസ് ചക്രവർത്തി ഭരണം ഏറ്റെടുത്തതു മുതൽ, റോമിനേയും അതിന്റെ കീഴിൽ വരുന്ന ദേശങ്ങളുമെല്ലാം ചക്രവർത്തിയുടെ ഭരണത്തിൻ കീഴിലായി.[3] പഴയ റോമാ പാരമ്പര്യം അങ്ങനെ തുടർന്നു. റോമിലെ സെനറ്റാണ് നാടുവാഴികളെ ഓരോ വർഷത്തോക്ക് താൽക്കാലികമായി നിയമിക്കുന്നത്. ആ കാലയളവിൽ അവർ നീതിന്യായ കാര്യ നിർവ്വഹണവും, നിയമപരമായ അധികാരവും നടത്തതിയിരുന്നു. നാടുവാഴി ശബ്ദിക്കുമ്പോൾ, അത് റോമിന്റെ ശബ്ദമായിരുന്നു.

സെർഗ്യോസിനേയും ഗല്ലിയോനെയും (പ്രവൃ. 13:7; 18:12) മാത്രമാണ് പുതിയ നിയമത്തിൽ പേരെടുത്തു പറഞ്ഞിരിക്കുന്ന നാടുവാഴികൾ. അക്ഷരങ്ങളിൽ ചില വ്യത്യാസങ്ങളുണ്ടെങ്കിലും, മേലെഴുത്തുകളിൽ "പൗലൊസ്" എന്നത് അക്ഷരികമായി നിലനിർത്തിയിരിക്കുന്നു. ആസ്യയുടെ തെക്കൻ ഭാഗങ്ങളിൽ ധാരാളം മേലെഴുത്തുകൾ കാണാം. ശക്തനായ സെർഗ്യോസ് പൗലൊസിനെ അന്നത്തെ ആളുകൾ അധികം ബഹുമാനിച്ചിരുന്നു. എന്നാൽ പുരാതന രേഖകളിൽ, സെർഗ്യോസിനേക്കാൾ കൂടുതൽ വിവരങ്ങൾ പ്ര

ത്യേകമായി പറയുന്നത് ഗല്ലിയോനെ കുറിച്ചാണ്.[4] നീറോ ചക്രവർത്തി അധികാരത്തിലായിരുന്നപ്പോൾ, അഖായയിൽ നാടുവാഴിയായിരുന്നത് പ്രസിദ്ധ സ്റ്റോയിക് തത്വചിന്തകനായിരുന്ന സെനെക്കയുടെ സഹോദരനായിരുന്നു (ഏ. ഡി. 54–68). സെനെക്കയുടെ എഴുത്തുകളിൽ ഗല്ലിയോനെ കുറിച്ച് വിവരിച്ചിരിക്കുന്നു. ഏ. ഡി. 65 ൽ നീറോയോടുള്ള അനിഷ്ടം നിമിത്തം, തത്വജ്ഞാനിയും തന്റെ സഹോദരൻ ഗല്ലിയോനും ആത്മഹത്യ ചെയ്തു.

ഒന്നാം നൂറ്റാണ്ടിൽ, പ്രധാനപ്പെട്ട റോമൻ ഭരണാധികാരികളുടെ പേരുകൾ രേഖപ്പെടുത്തുക എന്നത് ദെൽഫിയിലെ പുരാതന ഗ്രീക്ക് സംസ്ക്കാരമായിരുന്നു. കൊരിന്തിന് വടക്കുപടിഞ്ഞാറായി സ്ഥിതി ചെയ്തിരുന്ന കൊരിന്ത്യൻ ഉൾക്കടലിന്റെ വടക്കുഭാഗത്തായിട്ടായിരുന്നു ദെൽഫി സ്ഥിതി ചെയ്തിരുന്നത്. ക്ലൗദ്യോസ് ചക്രവർത്തിയായി ഭരിച്ചിരുന്ന കാലയളവിലായിരുന്നു ഗല്ലിയോ അഖായയിൽ നാടുവാഴിയായിരുന്നത് എന്ന് ദെൽഫിയിലെ 1900 ങ്ങളിലെ ഭൂഗർഭഗവേഷകന്മാർ കണ്ടെത്തിയ വിവരങ്ങൾ നൽകുന്നു (ഏ. ഡി. 41–54). അഖായയിലെ റോമാ ഭരണത്തിൻ കീഴിലായിരുന്നു കൊരിന്ത് എന്നതിനാൽ ഗല്ല്യോവിന്റെ നാടുവാഴിത്വ കാലയളവ് ചരിത്രകാരന്മാർക്ക് അറിയാമായിരുന്നു. ഒരു – വർഷത്തെ അവന്റെ കാലയളവിലേക്ക് ഗല്ലിയോനെ നിയമിച്ചത് ഏ. ഡി. 51 ൽ ആയിരുന്നു. പൗലൊസ് വിട്ടു പോകുന്നതിന് ഒന്നോ രണ്ടോ മാസങ്ങൾക്കു മുൻപായിരുന്നു ഗല്ലിയോൻ കൊരിന്തിൽ രംഗപ്രവേശനം നടത്തുന്നത് (പ്രവൃ. 18:18), അപ്പൊസ്തലൻ എപ്പോഴായിരുന്നു ആ പട്ടണത്തിൽ എത്തിയതെന്ന് ചരിത്രകാരന്മാർക്ക് കൃത്യമായി അറിയാമായിരുന്നു.

കൊരിന്തിലേക്ക് പോകുന്നതിന് മുമ്പ് മാസങ്ങളോളം അപ്പൊസ്തലൻ തനിയെ അഥേനയിൽ ക്രിസ്തുവിനെ പ്രസംഗിച്ചിരുന്നു. ആദരണിയമായ ഗ്രീക്ക് – റോമാ തലത്തിൽ, അവന്റെ വിജയം ചെറുതായിരുന്നു (പ്രവൃ. 17:34). ശിലാസും, തിമൊഥയൊസും അപ്പോഴും മക്കെദോന്യയിലായിരുന്നു. അവർ തന്നോടു ചേരുവാൻ അവൻ അതിയായി കാംക്ഷിച്ചിരുന്നു എങ്കിലും, ഉപയോഗപ്പെട്ടില്ല. തന്റെ സംഘാംഗങ്ങളെ കൂടാതെയായിരുന്നു പൊലൊസ് കൊരിന്തിൽ എത്തിയത്. ഉയർന്ന ഓജസിയായിരുന്നില്ല എന്നു സൂചനകൾ നൽകുന്നു (1 കൊ. 2:3). അവൻ തനിച്ച് യാത്ര ചെയ്തു എന്നു നമുക്ക് അനുമാനിക്കാം. കരയിൽകൂടെ അന്ന് ആരെങ്കിലും തനിയെ യാത്ര ചെയ്താൽ ഉപദ്രവിക്കപ്പെടുവാൻ സാധ്യത ഏറെയാണ്.

അഥേനയിൽനിന്ന് കൊരിന്തിലേക്ക് രണ്ട് മാർഗങ്ങളായിരുന്നു തിരഞ്ഞെടുക്കുവാനുണ്ടായിരുന്നത്. കരയിലുള്ള റോഡ് മാർഗം പോകുകയാണെങ്കിൽ അഞ്ചു ദിവസം വേണം. പ്രയാസമുള്ള വിധത്തിലാണ് റോഡുകൾ കടന്നു പോകുന്നത്. കടൽ മാർഗം പോകുന്നത് ചെലവേറിയതാണ്, പക്ഷെ എത്തുവാൻ ഒരു ദിവസം മതി. അപ്പൊസ്തലനു കാൽ നടയാത്ര പതിവുള്ളതായിരുന്നു. അഥേനയിൽനിന്ന് പടിഞ്ഞാറോട്ട് നടന്നു, എലൂസിസിലേക്കും, തുടർന്ന്, ലോകപ്രസിദ്ധമായ ദെമെത്രയോസിന്റെ പേരിൽ അറിയപ്പെടുന്ന ക്ഷേത്രത്തിലേക്കാണ് ചെല്ലുന്നത്, അതിലെ ദേവത ധാന്യ ദേവതയാണ്, അതിനെ “കോർ” ദേവത എന്നോ, “പെർസെഫോൺ” എന്നോ അറിയപ്പെടുന്നു.[5] എലൂസിനിയൻ മർമ്മം അറിയുവാനായി ചക്രവർത്തിമാരും രാജാക്കന്മാരും അവിടെ പോയിരുന്നു. അപ്പൊസ്തലൻ തന്റെ ഇടത്തുഭാഗത്തേക്ക് മുൻപോട്ട് സലാമസ് ദ്വീപിലേക്ക് നടന്നു. സെർസസിലെ പേർഷ്യൻ ശക്തികളുമായി കടൽ മാർഗം

യുദ്ധം ചെയ്യുവാൻ ഗ്രീക്കു പട്ടണങ്ങളെല്ലാം യോജിച്ചു. വടക്ക് ഭാഗത്തുള്ള കരയെ വേർപെടുത്തിയിരുന്ന സലാമസ് ദ്വീപിലുള്ള ഇടുങ്ങിയ സമതല പ്രദേശത്തു വെച്ചായിരുന്നു ഏറ്റുമുട്ടൽ. എണ്ണത്തിൽ അവർ ഏറിയിരുന്നെങ്കിലും, ഗ്രീക്കുകാർ യുദ്ധത്തിൽ ജയിച്ചു അവരുടെ മാതൃദേശം സ്വതന്ത്രമാക്കി. ഈ ചരിത്രസംഭവത്തെ അവർ ഒരിക്കലും മറക്കുകയില്ല.

അവന്റെ യാത്ര പിന്നീട് തെക്കോട്ട് തുടരുകയും, അപ്പൊസ്തലൻ തന്റെ വടക്കുഭാഗത്തുള്ള ഇരട്ട അക്രോപൊലിസിലെ മെഗരാ എന്ന പട്ടണത്തിലെത്തുകയും ചെയ്തു. അവിടെനിന്ന് നീങ്ങിയപ്പോൾ, പെട്ടെന്ന് കൊരിന്തിലെ ഉയർന്ന ഇസ്തുമസിലെത്തി. കൊരിന്തിന് കിഴക്കുള്ള കെംക്രയയിലെത്തുന്നതിന് മുമ്പ് ലോകത്തിൽ വെച്ച് ഏറ്റവും മനോഹരമായ കാഴ്ച്ച കണ്ട് അപ്പൊസ്തലൻ വിസ്മയിച്ചിരിക്കാം. ഇസ്ത്മിയൻ ഗെയിംസ് കടന്നുള്ളതായിരുന്നു അടുത്തുള്ള യാത്ര, പൊസെയിദോൻ ദേവന്റെ പേരിൽ സമർപ്പിക്കപ്പെട്ട പുരാതനത്വം നഷ്ടപ്പെട്ട ഒന്നായിരുന്നു ഒളിംബ്യൻ ഗെയിംസ്, എന്നാൽ ഒളിംബ്യ സ്ഥിതി ചെയ്തിരുന്നത്, പെലോപോനാസസിന് പടിഞ്ഞാറായിട്ടായിരുന്നു; അതിൽനിന്നു വ്യത്യസ്തമായി, ഇസ്ത്മ യവന - ഭാഷ സംസാരിക്കുന്ന ലോകത്തിന്റെ കേന്ദ്രമായിരുന്നു. രണ്ട് വർഷത്തിലൊരിക്കൽ നടന്നിരുന്ന ആ ഗെയിം കാണുവാനായി ജനങ്ങൾ തിങ്ങി കൂടുമായിരുന്നു. ഒളിംബ്യയിലെ സൂയസിനോട്, പുരാതന സഞ്ചാരികൾ ഇസ്ത്മയിലെ പൊസെയിദോന്റെ ക്ഷേത്രത്തെ താരതമ്യം ചെയ്യുമായിരുന്നു. പൊസെയിദോൻ ക്ഷേത്രത്തിനടുത്തായി, ഒരു കൾട്ടിന്റെ വീരനായകന്റെ സ്മരണക്കായി പാലെമോൻ എന്ന പ്രതിഷ്ഠയുമുണ്ടായിരുന്നു. എല്ലാ മുക്കിലും മൂലയിലും വിഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നത് അപ്പൊസ്തലന് കാണുവാൻ കഴിഞ്ഞിരുന്നു. ആ ദേശത്ത് എല്ലായിടത്തും ദേവന്മാരെ നിറച്ചിരുന്നു.

### പൗലൊസ് കണ്ടതായ പട്ടണം

കൊരിന്ത്യയിലേക്കുള്ള വഴിയിൽ, ഇസ്ത്മയിലെ പൊസെയിദോൻ ക്ഷേത്രം കടന്നു പോകുമ്പോൾ, പൗലൊസിന്മേൽ സൂര്യന്റെ ചൂട് തട്ടിക്കാണും. വേനൽക്കാലത്ത് പട്ടണം വ്യക്തമായിരിക്കും; സംരക്ഷിത കവചമില്ലെങ്കിൽ സൂര്യതാപം ചർമ്മത്തിൽ ആഘാതമേൽപിക്കും. ചരിത്രം ചികഞ്ഞെടുത്തു പുനർനിർമ്മാണം നടത്തുവാൻ കഴിയാത്തവിധം, അദ്രിയക്കടൽ അഗേയഗ്യ ഉൾക്കടലിനെ മാറ്റുകയും, ഇസ്ത്മയിലുള്ള ആ പട്ടണം അകലുകയും ചെയ്തു. മുൻപ് അവിടെ ഗ്രീക്ക് ഭാഷ നിലനിന്നിരുന്നുവെന്നാണ് “കൊരിന്ത്” എന്ന പേർ തന്നെ സൂചിപ്പിക്കുന്നത്. കച്ചവട മാർഗങ്ങൾ പട്ടണത്തിൽ നബിഡമായി കാണാം. കൊരിന്തിന് പ്രസിദ്ധിയും ശക്തിയും നൽകിയത് അതിന്റെ ഭൂമിശാസ്ത്രമായിരുന്നു. തെക്കിനും വടക്കിനുമിടക്കുള്ള കര മാർഗമുള്ള യാത്രക്കിടയിൽ പ്രകൃതി രമണിയമായ ഭൂപ്രദേശങ്ങൾ കാണാം; കടൽ മാർഗമുള്ള യാത്ര തെക്കിനും കിഴക്കിനുമിടയിലുള്ള തുറമുഖങ്ങൾ കടന്നുള്ളതായിരുന്നു. കിഴക്കുഭാഗങ്ങൾക്കുള്ള തുറമുഖ പട്ടണമായിരുന്നു കെംക്രെയ, ലെകേയം പടിഞ്ഞാറിന്റെയും തുറമുഖമായിരുന്നു. ഡയാക്കൊസ് എന്നറിയപ്പെടുന്ന ഒരു റെയിൽ റോഡ് കൊരിന്തിന്റെ വടക്കു ഭാഗത്തും, ഇത്മസിന്റെ ഒരു ഭാഗം, ഇടുങ്ങിയതായിരുന്നു. അതിന്മേൽ കാർഗോയും, ചെറിയ കപ്പലും കരയിൽ കൂടെ നാല് മൈൽ സഞ്ചരിച്ചിരുന്നു.

ഡോറിക് കീഴ്പ്പെടുത്തുന്നതിന് മുൻപ്, ഏകദേശം ബി. സി., 1000 ത്തിൽ,

ദാവീദിന്റെയും ശലോമോന്റെയും കാലയളവിൽ അവിടെ പുരാതന കൊരിന്ത് സ്ഥിതി ചെയ്തിരുന്നു. അക്കാലത്ത് ഗ്രീക്ക് ക്ഷേത്രങ്ങളിൽ ഉപയോഗിച്ചിരുന്ന മൂന്നു കലാരൂപങ്ങൾ, ഡോറിക്, കൊരിന്ത്യൻ ശൈലിയിലുള്ളവ ഈ പട്ടണത്തിൽ നിന്നായിരുന്നു. ക്ലാസിക്കൽ ഗ്രീക്ക് ആധിപത്യത്തിന്റെ ആരംഭം കൊരിന്തിൽനിന്നും ആയിരുന്നു. കൊരിന്തിലെ പാത്രവ്യാപാരം മെഡിറ്ററേനിയൻ പ്രദേശങ്ങളിലേക്ക് വ്യാപിച്ചിരുന്നു. പൗലൊസ് ആ പട്ടണത്തിലെത്തുന്നതിന് അഞ്ഞൂറു വർഷങ്ങൾക്ക് മുൻപ്, അഥേനയിലും, കൊരിന്തിലും ജനാധിപത്യ ദേശങ്ങളായിരുന്നതിനാൽ ചക്രവർത്തിമാർ ശത്രുതയിലായിരുന്നു. ബി സി., അഞ്ചാം നൂറ്റാണ്ടിൽ യവനന്മാർ യുദ്ധം നിമിത്തം താഴ്ന്നു പോയി, മുഖ്യ കാരണം കൊരിന്ത് ആയിരുന്നു. കൊരിന്തും കോളണികളിലൊന്നുമായി പൊലോപൊണേഷ്യൻ യുദ്ധം പൊട്ടി പുറപ്പെട്ടു അഥേനയും സ്പർതയും അവരുടെ സഖ്യകക്ഷികളും ഒത്തു ചേർന്നു. കൊരിന്ത് സ്പർതയുടെ മുഖ്യ സഖ്യകക്ഷിയായി തീർന്നു.

പൗലൊസിന്റെ സന്ദർശനം വരെ, മൂന്നൂറു വർഷത്തോളം, കൊരിന്തിൽ ഗ്രീക്ക് സംസ്ക്കാരത്തിൽ ബഹുമതി കൈവരിച്ചിരുന്നു. പുരാതന എഴുത്തുകാർ കൊരിന്തിനെ, "സമ്പന്ന കൊരിന്ത്" എന്നാണ് വിശേഷിപ്പിച്ചിരുന്നത്. നൂറ്റാണ്ടുകളോളം, പട്ടണം ഐതിഹാസിക സമൃദ്ധി ആസ്വദിച്ചിരുന്നു; എന്നാൽ പൗലൊസ് അവിടെയെത്തിയപ്പോൾ, വീഥികളും, കടകളും, അമ്പലങ്ങളും പുതുക്കപ്പെട്ട അവസ്ഥയിലാണ് കാണപ്പെട്ടത്. ബി. സി., രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ, സങ്കീർണ്ണമായ സാഹചര്യങ്ങളിലായി, റോമാക്കാർ ഗ്രീസിന്റെ പെനെൻസുലയിലേക്ക് പ്രവേശിച്ചു. പടിപചടിയായുള്ള യുദ്ധത്താൽ, റോം മക്കെദോന്യയെ കൂട്ടിച്ചേർത്തു തങ്ങളുടെ നാടാക്കി ഭരിക്കുവാൻ തുടങ്ങി. അപ്പോഴും, ഗ്രീക്കുകാർ റോമാക്കാരുടെ കടന്നുകയറ്റത്തെ എതിർത്തിരുന്നു. പെനെൻസുലയുടെ തെക്കുഭാഗത്ത് കൊരിന്ത് സഖ്യകക്ഷികളുമായി സ്വതന്ത്രരായി നിലനിന്നു. റോമിന്റെ സൈന്യ ബലവുമായി താരതമ്യം ചെയ്താൽ, പട്ടണവും അതിന്റെ സഖ്യവും ഒന്നുമല്ലായിരുന്നു. ബി. സി., 146 ൽ റോമൻ സൈന്യാധിപനായിരുന്ന മമ്മിയസ് അവരെ നിഷ്പ്രഭമാക്കി കളഞ്ഞു. കൊരിന്ത് റോമിനോട് എതിർത്തു നിന്നതിനാൽ സൈന്യാധിപൻ പട്ടണത്തെ മായ്ച്ചുകളയുന്ന വിധമാക്കി. നോട്ടപ്പിഴ നിമിത്തം ഇസ്തുമിയൻ ഗെയിംസ്, പടിഞ്ഞാറുള്ള പട്ടണമായ സിക്കിയോണിലേക്ക് മാറ്റി. നൂറു വർഷത്തോളം കൊരിന്ത്യ നിവാസികൾ മാത്രമായിരുന്നു അതിൽ പങ്കെടുത്തിരുന്നത്. ഗ്രീക്ക് ലോകത്തിന്റെ അലങ്കാരമായി അഭിമാനിച്ചിരുന്ന പട്ടണം, അവിടത്തെ കുറുക്കന്മാരെയും, കാട്ടുനായ്ക്കളെയും റോമാമാക്കാർ ചാരമാക്കി കളഞ്ഞു.

ജൂലിയസ് സീസർ മുൻകയ്യെടുത്തായിരുന്നു കൊരിന്തിനെ നവീകരിച്ചത്, ആ കാലത്ത്, അറിയപ്പെട്ടവനും, ബഹുമാനിക്കപ്പെട്ടവനുമായിരുന്നു കൈസർ. യുദ്ധകൗശലമുള്ള കൈസർ ഇസ്ത്മയുടെ പ്രാധാന്യം മനസിലാക്കിയിരുന്നു. അയാൾ ബി. സി., 44 ൽ മരിക്കുന്നതിനു മുമ്പ്, കാതേജിനു വടക്ക് ആഫ്രിക്കയിലും, കൊരിന്തിലും ഭൂമിരഹിതർക്ക് റോമൻ കോളനികൾ സ്ഥാപിച്ചു കൊടുത്തു. വ്യാവസായിക പട്ടണമായ ഇസ്ത്മസ് വീണ്ടും ലാറ്റിൻ സംസാരിക്കുവാൻ തുടങ്ങി. അവിടത്തെ സ്ഥാപനങ്ങൾ, ഗവൺമെന്റ് ഘടന, നികുതി, മതങ്ങൾ എന്നിവ റോമൻ മോഡൽ ആയി തീർന്നു. ഭൂഗർഭ ഗവേഷകർ കണ്ടെടുത്ത മേലെഴുത്തുകൾ ലാറ്റിൻ ഭാഷയിലുള്ളതായിരുന്നു.[6] ഒന്നാം നൂറ്റാണ്ടിൽ, ഗ്രീക്ക് ലോകത്തിലെ പട്ടണ വീഥികളിൽ, റോമൻ ലാറ്റിൻ സംസാ

രിക്കുന്നത് ആദ്യമായിട്ടായിരുന്നില്ല. പൗലൊസ് അവിടെയെത്തിയപ്പോൾ, ഭൂവുടമകളും പ്രാദേശിക നിവാസികളും ലാറ്റിൻ ഭാഷയിൽ സംസാരിക്കുന്നതാണ് കേട്ടത്. എന്നാൽ പ്രത്യേകമായി പുതിയ നിയമത്തിൽ കോളനി നിലവാരത്തിൽ പറയുന്നത് ഫിലിപ്പിയ മാത്രമാണ് (പ്രവൃ. 16:12), എങ്കിലും വേറെയും കോളനികളുണ്ടായിരുന്നു.

പൗലൊസ് എത്തിയ കൊരിന്ത്, ഒരു പുതിയ പട്ടണമായിരുന്നു, എന്നാൽ റോമൻ നാടായ അഖായയിലെ പ്രമുഖ സ്ഥാനം അലങ്കരിച്ചിരുന്നു. വടക്ക് കിഴക്കുള്ള പ്രദേശങ്ങളോട് എതിരായിരുന്ന അഥേന വിദ്യാഭ്യസ കേന്ദ്രമായി നിലനിനിന്നിരുന്നു, പക്ഷെ അഥേനയുടെ ചരിത്രം മഹത്വകരരമായിരുന്നു, രാഷ്ട്രീയമായും, സാമ്പത്തികമായും അഥേന കൊരിന്തിന് സമമായിരുന്നില്ല.

കൊരിന്തിലും – മറ്റേതൊരു ഗ്രീക്ക് – റോമൻ പ്രവിശ്യയിൽ ആയാലും, കുപ്രസിദ്ധവും, തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമാണ്. പ്രാചീന പണ്ഡിതന്മാർ വന്യവും വിവിധവുമായ കണക്കുകളാണ് നൽകുന്നത്. ഒരു കൂട്ടം ആളുകളുടെ ഊഹക്കണക്കിന്റെ അടിസ്ഥാനത്തിൽ, കൃത്യമല്ലാത്ത ജനസംഖ്യയാണ് ലഭ്യമായത്, അതനുസരിച്ച് കൊരിന്തിലും, പ്രാന്തപ്രദേശത്തുമായി ("ദ കൊരിന്ത്യ") ഏകദേശം, 100,000 നും 1,25000 ത്തിനും ഇടക്കാണെന്ന് കരുതപ്പെടുന്നു.[7]

കൊരിന്തിലെ ധനികരായ പൗരന്മാർ, വ്യവസായികളും, ഭൂവുടമകളും, ഗവൺമെന്റ് ഉദ്യോഗസ്ഥരും ആയിരുന്നു. കൂടാതെ പട്ടണത്തിൽ, സാധാരണ തൊഴിലാളികളും, ദാസന്മാരും, ചുറ്റി നടക്കുന്ന അദ്ധ്യാപകരും താമസിച്ചിരുന്നു, അവരിൽ ചിലർ നാടോടികളെ പോലെ ആയിരുന്നു.

പലപ്പോഴും, റോമാ ലോകത്തിലെ ഒരു ദാസന്റെ ഭദ്രത, തൊഴിലില്ലാത്ത സമയങ്ങളിൽ, പട്ടിണി മാറ്റാൻ . യാചന അനുവദിച്ചിരുന്നു. കൊരിന്ത്യയിലെ അസംഖ്യം പേർ ദാസന്മാർ ആയിരുന്നു. ക്രിസ്ത്യാനികൾക്ക് ഇഷ്ടമില്ലാത്ത പരിശീലനമായിരുന്നു ദാസ്യത്വം. ദാസന്മാർ വിവാഹം കഴിക്കുന്നത് നിയമവിരുദ്ധമായിരുന്നു. ഒരു ദാസനെ നീതിന്യായ കോടതിയിൽ വിചാരണക്കായി വരുത്തുമ്പോൾ, സാധാരണ ഉപദ്രവിക്കുമായിരുന്നു. എല്ലാ സ്ത്രീ ദാസികളും, പ്രായപൂർത്തിയെത്തിയവരായാലും, കൗമാര – പ്രായത്തിലുള്ളവർ ആയാലും, അവർ തങ്ങളുടെ യജമാനന്മാരുടെ വസ്തുക്കളായിരുന്നു – അതിൽ എല്ലാം അടങ്ങുന്നു. വിദ്യാഭ്യാസമുള്ള വീട്ടു ദാസന്മാർക്ക് സഹിക്കാവുന്ന ജീവിതമായിരുന്നു ലഭിച്ചിരുന്നത്; മറ്റുള്ളവരുടെ ജീവൻ പാഴ്വസ്തു പോലെ, മൈനുകളിലും, മില്ലുകളിലും മരണത്തിനായി തള്ളുമായിരുന്നു. അവരെ വിലക്കു വാങ്ങിയ വിലയനുസരിച്ചായിരിക്കും അവർക്ക് പകരക്കാരെ എടുക്കുന്നത്.

ഐശ്വര്യമുള്ളവരെയും, ദാരിദ്ര്യത്തിലുള്ളവരെയും പൗലൊസ് കണ്ടിരുന്നു. കാട്ടു നായ്ക്കൾ താഴ്വരകളിൽകൂടെ മുരണ്ട് നടക്കുന്നു. കൃഷിക്കാർ തങ്ങളുടെ ഉൽപന്നങ്ങളുമായി ഇഷ്ടപ്പെട്ട ചന്തകളിലേക്ക് പോകുന്നു. കച്ചവടക്കാർ തങ്ങളുടെ ആഹാരപദാർത്ഥങ്ങളും, ചെരിപ്പുകളും, കളിമൺ പാത്രങ്ങളും പ്രദർശിപ്പിക്കുന്നു. സ്ത്രീകൾ വെള്ളം കുടങ്ങളിൽ ചുമന്നു പ്രവേശിക്കുന്നു, മാർബിളിന്റെ മനോഹാരിതയിൽ തിളങ്ങുകയും ചെയ്യുന്നു. യാചകർ അപ്പക്കഷണങ്ങൾക്കായി കൈ നീട്ടി നിരാശരായിരിക്കുന്നു. പൗലൊസിന്റെ ഇന്ദ്രിയങ്ങളിലേക്ക്, ശബ്ദവും കാഴ്ച്ചയും ആഴ്ന്നിറങ്ങുന്നു. പൗലൊസ് ആ പുരുഷാരത്തിലേക്ക് ക്രിസ്തുവിനെ പരിചയപ്പെടുത്തി.

കൊരിന്ത് കച്ചവടത്തിനു മാത്രമല്ല പ്രസിദ്ധമായത്, പട്ടണത്തിനു ചുറ്റു

മുള്ള പ്രദേശങ്ങളിൽ, വിവിധ കാർഷിക വിഭവങ്ങളാൽ സമൃദ്ധവുമായിരുന്നു. പട്ടണത്തിൽ ധാരാളം പൂർവ്വസ്ഥിതിഗമ്യമായ പലതുമുണ്ടായിരുന്നു. പട്ടണത്തിലെ കൃഷികൾക്ക് ഒരു ഇംഗ്ലീഷ് സ്പർശമുള്ളതുപോലെ, അന്നുണ്ടായിരുന്ന "ബെറീസ്" അക്ഷരികമായി അറിയപ്പെട്ടിരുന്നത് "കൊരിന്തിലെ മുന്തിരികൾ" എന്നായിരുന്നു.

മുകളിൽ വലിയ പർവ്വതത്തിലേക്ക് കയറാവുന്ന വിധത്തിൽ ചെരുവിലായിരുന്നു ആ പട്ടണം പണിതിരുന്നത്. കീഴടക്കുവാൻ ശ്രമിക്കുന്ന ശത്രുക്കളെ നിരാശപ്പെടുത്തുന്ന രീതിയിലുള്ള കോട്ടകളുള്ള "വലിയ പട്ടണം" അഥേനയിലും മറ്റു പട്ടണങ്ങളിലുമുണ്ടായിരുന്നു. കൊരിന്തിന്, അന്തർ നഗരമെന്ന "വലിയ നഗരം," അഥവാ അക്രൊപൊലിസ് ഉണ്ടായിരുന്നു; ദൂരെ ചുറ്റുമായി കിടന്ന പർവ്വതങ്ങൾ കൊരിന്തിന് സുരക്ഷ തീർത്തിരുന്നു. എന്നാൽ ഉയർന്ന മലനിരകൾ, സംരക്ഷണത്തെക്കാൾ, കച്ചവട ചിഹ്നമായുള്ളവയായിരുന്നു.

## കൊരിന്തിലെ മതങ്ങൾ

പഴക്കം - ചെന്ന പട്ടണത്തിലെ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ ആചാരങ്ങൾ പൗലൊസ് ചെന്നപ്പോഴേക്ക് മൺമറഞ്ഞു പോയിരുന്നു. അവകാശപ്പെടൽ അതിൽനിന്നു വ്യത്യസ്തമാണെങ്കിലും, ഭൂഗർഭ ഗവേഷണവും, സാഹിത്യവും നൽകുന്ന വിവരമനുസരിച്ച്, അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന മതം ശുഷ്കിച്ചു വന്നിരുന്നു എന്നു പറയാം. അവരുടെ സ്വ - നാശം ഒഴിവാക്കുവാൻ അവർ ക്രിസ്ത്യാനിത്വത്തെ കൈക്കൊള്ളണമായിരുന്നു. ക്ഷേത്രങ്ങളുടെ കെട്ടിടങ്ങളുടെ അപര്യാപ്തത മതത്തിന്റെ അവസ്ഥയെ എടുത്തു കാണിക്കുന്നു. ക്ഷേത്ര കെട്ടിടങ്ങളുടെ ബാഹ്യരൂപം ആളുകൾക്ക് മതപരമായ ആചാരത്തോടുള്ള ബഹുമാനം വ്യക്തമാക്കുന്നു. ഒന്നാം നൂറ്റാണ്ടിൽ, ഗ്രീക്ക് - ലോകത്തിൽ, വിശേഷിച്ച് കൊരിന്തിൽ, ദേവന്മാർക്കു പണികഴിച്ച ക്ഷേത്രങ്ങളും കെട്ടിടങ്ങളും ധാരാളം കാണാമായിരുന്നു. പൂജാരികൾ അവരുടെ പൂജകളും നടത്തിയിരുന്നു. ദേവന്മാരിൽ നിന്നുള്ള അനുഗ്രഹത്തിനായി, പരസ്യ ഉൽസവങ്ങളും ഗെയിംസും നടത്തിയിരുന്നു. കൊരിന്തിലെ ഗ്രീക്ക് റോമൻ ദേവന്മാരുടെ എണ്ണം തിട്ടപ്പെടുത്തുക പ്രയാസമായിരുന്നു, വിദ്യാലയങ്ങളിലെ ധനിക കുടുംബങ്ങളിലെ കുട്ടികൾ, ഗ്രീക്കിന്റേയും റോമിന്റെയും ഐതിഹ്യങ്ങളെ കുറിച്ചു പഠിച്ചിരുന്നു.

കൊരിന്തിന്റെ കേന്ദ്ര ഭാഗത്തേക്ക് പൗലൊസ് പ്രവേശിച്ചപ്പോൾ, തറയിൽനിന്നും ഉയർന്നു നിന്ന ക്ഷേതം പൗലൊസിന് കാണുവാൻ കഴിഞ്ഞിരുന്നു. അതിന്റെ കോളങ്ങളെല്ലാം പ്രാചീനമായിരുന്നു, പ്രാദേശികമായ പോറോസ് കല്ലുകൾ കൊണ്ടാണ് പണിതിരുന്നത്. കൊരിന്തിൽ അന്നു മാർബിൾ ഉണ്ടായിരുന്നു. ക്ഷേത്രങ്ങൾ അവയുടെ മാതൃകക്ക് പിൻപറ്റിയിരുന്നത് ദോറി ക് മോഡൽ ആയിരുന്നു. അവശേഷിക്കുന്നത്, പട്ടണത്തിൽ ഉയർന്നു നിന്ന മമ്മിയസ് ആയിരുന്നു, പൗലൊസിന്റെ കാലത്ത് പോലും, ക്ഷേത്രഘടനകളെല്ലാം പ്രാചീനമായിട്ടാണ് പണിതിരുന്നത്. ഗ്രീസിലെ ഇന്നത്തെ ഏറ്റവും പഴക്കം ചെന്ന ക്ഷേത്രം അതാണ്. ഏറ്റവും നല്ല എസ്റ്റിമേറ്റ് അവരുടെ അപ്പോളൊയെ ആദരിക്കുന്നതിനായുള്ളതാണ്, എന്നാൽ ക്ഷേത്രത്തിന് പ്രചോദിതനായ ദേവൻ ആരാണെന്ന് അവർക്ക് നിശ്ചയമില്ല. റോമാക്കാരും ഗ്രീക്കുകാരും അപ്പോളൊവിനെ നമസ്ക്കരിച്ചു വന്നതിനാൽ, പട്ടണത്തിൽ വന്നു പാർക്കുന്നറോമാക്കാർ തുടർന്നും അവരുടെ യാഗങ്ങൾ അർപ്പിച്ചിരി

ക്കാം, നിയമിക്കപ്പെട്ട പൂജാരികളെ റോമിൽ നിന്നുകൊണ്ടുവന്നാണ് അവരുടെ ദേവന്മാരെ സേവിച്ചത്.

സ്നേഹ ദേവനെ നമസ്ക്കരിച്ചിരുന്നവരായിരുന്നു അഫ്സോദിത്യർ, അവർ കൊരിന്തിൽ ദീർഘനാളുകൾ ഉണ്ടായിരുന്നു. പൂർവ്വദേശക്കാരുമായുള്ള ബന്ധത്തിൽ, ഈ ദേവത ഉടലെടുത്തത് കുപ്രൊസ് ദ്വീപിൻെറ കരയിൽനിന്നായിരുന്നു എന്നു കരുതുന്നു. തെക്കായി സ്ഥിതി ചെയ്തിരുന്ന പെലോപൊനേസസിലും, കുതേര ദ്വീപിലും, കുപ്രൊസ് ദ്വീപിലുമായിരുന്നു ഈ വിഭാഗക്കാർ ഉണ്ടായിരുന്നത്. പൗലൊസ് കൊരിന്തിൽ എത്തുന്നതിന് ആയിരത്തിൽ - അധികം വർഷങ്ങൾക്ക് മുൻപ് തന്നെ ഈ ദേവതയെ നമസ്ക്കരിക്കുന്നത് ഗ്രീക്കുകാരെ പരിചയപ്പെടുത്തിയിരുന്നതായി തോന്നുന്നു. ഗ്രീക്ക് വിശ്വാസം, ഈ അഫ്രോദിത്തോസ്ദേവതയെ ദത്തെടുത്ത് സൂയസിന്റെ സന്തതിയായി പ്രഖ്യാപിച്ചിരുന്നു.

ഫൊയ്നിക്യയിലും - കനാനിലും ഉണ്ടായിരുന്ന അസ്താർതേ ("അസ്തരോത്" എന്നു പഴയ നിയമത്തിൽ) ഈ ദേവതയുമായി, ചരിത്രപരമായും ആചാരപരമായും യോജിക്കുന്നു. കനാനിലെ മതാചാരത്തിൽ കുപ്രസിദ്ധി നേടിയ ഒന്നായിരുന്നു അവരുടെ ക്ഷേത്രങ്ങളിലെ ദേവദാസികൾ. എന്നനാൽ ഗ്രീക്ക് പട്ടണങ്ങളിലെ ക്ഷേത്രങ്ങളിലേക്ക് അത് വ്യാപരിച്ചില്ല, ചില സ്ഥലങ്ങളിൽ, അഫ്രോദിത്യ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് വിശുദ്ധ ദേവദാസികളെ നിലനിർത്തിയിരുന്നു. ക്രിസ്തു ജനിക്കുന്നനതിന് ഏകദേശം മൂന്നു ദശാബ്ദങ്ങൾക്കു മുൻപ്, പുതുക്കി പണിത കൊരിന്ത് സന്ദർശിക്കുവാൻ ഗ്രീക്ക് ഭൂമിശാസ്ത്രജ്ഞൻ ആയിരുന്ന സ്ട്രാബോ വന്നു. അദ്ദേഹം എഴുതി, "ദേവതമാരർക്ക് സമർപ്പിതരായ ആയിരം സത്രീപുരുഷന്മാരായ ദാസീദാസന്മാർ ആയ ദേവദാസികൾ [വ്യഭിചാരിണികൾ] ഉൾപ്പെടുന്നതായിരുന്നു അഫ്രോദിത്യ ക്ഷേത്രം."[8] അഫ്രോദിത്യ ക്ഷേത്രവും അതിലെ ദേവദാസികളും ചേർന്ന് പട്ടണത്തിന് ധാരാളം പണം സമ്പാദിച്ചിരുന്നു.

പൗലൊസ് പട്ടണം സന്ദർശിച്ചപ്പോൾ, കൊരിന്തിലൽ നിറഞ്ഞിരുനന തായി സ്ത്രാബറോയുടെ പ്രസ്താവന തെളിയിക്കുന്നുവെന്ന് കമെന്ററികൾ വ്യക്തമാക്കുന്നു. 1 കൊരിന്ത്യ ലേഖനം വായിക്കുന്നവർക്ക് അത്തതരരം വിവരങ്ങൾ പ്രരയോജനം ചെയ്യും, പ്രത്യേകിച്ച് അപ്പൊസ്തലൻ ലൈംഗിക അധാർമ്മികതയെ കുറിച്ചു പറയുമ്പോൾ. എങ്ങനെയായാലും, റോമാക്കാർ കൊരിന്തിനെ പുനനിർമ്മാണം നടത്തിയതിനെ കുറിച്ച് സ്ട്രബോ വിവരണരണം നൽകുമ്പോൾ സംശയിക്കേണ്ട യാതൊരു കാരണവുമില്ല. മിക്ക ക്ലാസിക്കൽ പണ്ഡിതന്മാരും ജെറോം മർഫി - ഓ കോന്നോറിന്റെ വിലയിരുത്തൽ ഉദ്ധരിച്ചിരുന്നത് താഴെ കൊടുത്തിരിക്കുന്നു:

> ... ബി. സി., 146 നു മുമ്പുള്ള പട്ടണത്തെ കുറിച്ചാണ് സ്ട്രാബോ പറയുന്നത്, [അതായത്, റോമാക്കാർ നശിപ്പിക്കുന്നതിന് മുമ്പുള്ള പട്ടണത്തെ കുറിച്ചാണ്] അല്ലാതെ ബി. സി., 29 ൽ അദ്ദേഹം സന്ദർശിച്ച പട്ടണത്തെ കുറിച്ചായിരുന്നില്ല.[9]

കൂടാതെ, ക്ഷേത്രങ്ങളിൽ ആയിരം ദേവദാസിമാരുണ്ടായിരുന്നു എന്ന സ്ട്രാബോയുടെ വിവരണം ബി. സി., 146 നു - മുമ്പുള്ള കാര്യമാണെങ്കിൽ പോലും, മിക്ക പണ്ഡിതന്മാരും ഗൗരവമായി എടുത്തിരു

ന്നില്ല. സ്ട്രാബോയുടെ വിവരണവും, പുരാതന എഴുത്തുകാരുടെ വിവരണവും പറയുന്നത്, ലൈംഗിക വിഷയമായിരുന്നതിനാൽ, അത് അന്നും ആധുനി ക കാലത്തും ഊഷ്മളവാർത്തയായിട്ടാണ് കണക്കാക്കുന്നത്. അഫ്രോദിത്യ ക്ഷേത്രത്തിലെ ആയിരം ദേവദാസികളുടെ കാര്യം അല്ലെങ്കിൽ ഏതെങ്കിലും ഒരു ക്ഷേത്രത്തിൽ അത്രയും ദേവദാസികളെ ഉൾക്കൊള്ളിക്കുവാൻ കഴിയുകയില്ല. അത് തെളിയിക്കുവാനായി ഭൂഗർഭ ഗവേഷകന്മാരുടെ കണ്ടുപിടുത്തങ്ങൾ മതിയായവയല്ല.

പൗലൊസ്, ആദ്യം പട്ടണത്തിൽ എത്തിയപ്പോൾ, അത്തരം ദേവദാസികളെ ക്ഷേത്രത്തിൽ ഉപയോഗിച്ചിരുന്നു എന്നു പറയുന്നത് വളരെ ഗൗരവമേറിയ പ്രശ്നം തന്നെയാണ്. അഫ്രൊദിതയൊടൊപ്പമുള്ള റോമിന്റെ പ്രതിരൂപമായിരുന്നു വീനസ്. പൗലൊസ് സന്ദർശിച്ച കൊരിന്ത് റോമൻ പട്ടണമായിരുന്നു. കൈസറിന്റെ ജൂലിയൻ കുടുംബത്തിന്റെ വംശാവലി വീനസ് ആയി കരുതപ്പെട്ടിരുന്നു. അവരുടെ ഞരമ്പുകളിൽ ഓടുന്നത് ദേവതയുടെ രക്തമാണെന്ന് അവർ അവകാശപ്പെട്ടിരുന്നു. വ്യഭിചാരിണികളെക്കൊണ്ട് ഗുണഭോക്താക്കളെ രസിപ്പിക്കുന്ന രീതി രാജ കുടുംബത്തിന് എതിരായിരുന്നു. എന്നാൽ മറിച്ചായിരുന്നു സംഭവിച്ചിരുന്നത്.

വിശുദ്ധ വ്യഭിചാരമടക്കമുള്ള ഇന്ദ്രിയ സുഖഭോഗത്തിന് പേരു കേട്ട നഗരമായിരുന്നു കൊരിന്ത്. ഈ സന്ദർഭത്തെ നോക്കി സ്ട്രാബോ ഒരു പഴഞ്ചൊല്ല് നൽകിയിരിക്കുന്നു, "എല്ലാ പുരുഷന്മാർക്കും കപ്പൽ യാത്ര ചെയ്യാവുന്ന ഒന്നായിരുന്നില്ല കൊരിന്ത്."[10] വന്നു പോകുന്ന കപ്പിത്താൻമാർക്കും കച്ചവടക്കാർക്കും രസപ്രദമായിരുന്ന ഇന്ദ്രിയ സുഖഭോഗം. അതുപോലെ, ഗ്രീക്ക് ലോകത്തിലെ മറ്റു പട്ടണങ്ങളെ അപേക്ഷിച്ച് കൊരിന്ത് ലൈംഗിക വേഴ്ച്ചക്കായി ഉഴിഞ്ഞു വെച്ച ഒരു പട്ടണമായിരുന്നില്ല എന്നു പറയാം. വ്യഭിചാര പ്രവൃത്തികൾ എല്ലായിടത്തും കാണാമായിരുന്നു. അതേ സമയം സ്വവർഗ രതിയും ആളുകൾക്കിടയിൽ കാണാമായിരുന്നു. മനുഷ്യജീവിതം വിലകുറഞ്ഞ ഒന്നായിരുന്നു. ഗർഭഛിദ്രം നടത്തുന്നത് സാധാരണയായിരുന്നു, മനുഷ്യ ജീവൻ മൂലകങ്ങളെ പോലെ പുറത്തു കളയപ്പെട്ടു. ജാതികളുടെ ധാർമ്മികതയെ തരം താഴ്ന്നതായി യെഹൂദ റബ്ബിമാർ കാണുവാനുള്ള ഒരു കാരണം ഇതായിരുന്നു.

മറ്റു ഗ്രീക്ക് പട്ടണങ്ങളെ പോലെ കൊരിന്തിലും, അസംഖ്യം ദേവീദേവന്മാർ ഉണ്ടായിരുന്നു, അതിനു പറമെ, അപ്പോളോ, അഗ്രോദിത്യ/വീനസ്, കുറഞ്ഞ ദേവന്മാർ, നംഫ്സ്, സാറ്റിരുകളും, എല്ലാ ഉറവകളിലും, മരച്ചുവട്ടിലും കാണാമായിരുന്നു. പൗലൊസ് കൊരിന്തിലൽ കൂടെ കടന്നു പോയപ്പോൾ, അവിടെയെല്ലാം, ബിംബങ്ങളും, പ്രതിഷ്ഠകളും, നുംഫുകളും, സാറിറുകളും അവയുടെ അധാർമ്മിക രൂപത്തിലും, ഒളിംബ്യൻ ദേവന്മാരരെയയും ആചാരത്തെയും വിവരിച്ചിരിക്കുന്നതായയി കണ്ടിരിക്കാം.

ആസ്ക്ലെപിയസിനേയും ദെമെത്തറിനെയും അതൊടൊപ്പം പറയേണ്ടിയിരിക്കുന്നു. റോമൻ സഭാ സമ്മേളന ചുവരിനു പടിഞ്ഞാറുഭാഗത്തായി സ്ഥിതി ചെയ്തിരുന്ന, സൗഖ്യ ദേവൻ അസ്ക്ലെപിയസിനെ വിവരിച്ചിരുന്ന ചിത്രം കണ്ടെടുത്തിരുന്നു. ദേവനിൽ കേന്ദ്രീകരിച്ച ഒരു പ്രധാനപ്പെട്ട സൗഖ്യ കേന്ദ്രമായിരുന്നു കൊരിന്ത്. പെർഗമൊസിലും, കോസിലും ഉള്ള സൗഖ്യ കേന്ദ്രങ്ങളിലേക്കും, പെലൊപൊന്നേസിലുള്ള എപിഡൗരസിലേക്കും തീർത്ഥാടകർ അന്ന് ഒഴികിയെത്തിയിരുന്നു.[11] ഗ്രീക്ക് ദേശത്ത് പുതുതായി വന്നതാണെങ്കിലും,

അസ്ക്ലേപിയസ് ഗ്രീക്കിൽ പ്രചാരത്തിലായിരുന്നു. കൊരിന്തിലെ, ആസ്ക്ലേപ യസിൽനിന്ന് ഭൂഗർഭ ഗവേഷകർ കാച്ചെയുടെ ടെറാ - കോട്ടയുടെ ശരീര ഭാഗങ്ങൾ കണ്ടെടുത്തിരുന്നു. അത് ഒരുപക്ഷെ പ്രത്യേക രോഗ സൗഖ്യം ആവശ്യപ്പെട്ടത് മറന്നു പോകാതിരിക്കുന്നതിനോ, അല്ലെങ്കിൽ, സൗഖ്യം ലഭിച്ചതിന് അനുമോദനം അർപ്പിക്കുന്നതിനോ വേണ്ടി ആയിരുന്നേക്കാം. പൗലൊസ് പട്ടണത്തിലെത്തിയപ്പോൾ, ആളുകൾ ക്ഷേത്ര സന്ദർശനം നടത്തു ന്നത് പതിവായിരുന്നു.

ദെമെത്രെയൊസിനെയും അവളുടെ മകൾ പെർസഫോണിനേയും പ്രതി ഷ്ഠിച്ചിരുന്ന ക്ഷേത്രം പട്ടണത്തിന്റെ വടക്ക്, അക്രൊകൊരിന്തിൽ ആയിരുന്നു. സ്ത്രീകൾ അവിടെ വന്നിരുന്നത് കൂട്ടായ്മയും ഭക്ഷണവും പങ്കിടുന്നതിനാ യിരുന്നു എന്നു തോന്നുന്നു. ഭൂഗർഭ ഗവേഷണത്തിൽ കളിമൺ പലകയിലെ എഴുത്തുകളും കലാരൂപങ്ങളും കണ്ടിരുന്നു. ആ ദേവതയിൽ വിശ്വാസം അർപ്പിച്ചിരുന്ന ഒരാൾ തന്റെ ശത്രുവിനോട് പകരം വീട്ടുവാൻ കൽപലകയിൽ ശാപവാക്കുകൾ എഴുതി ക്ഷേത്ര പരിസരത്ത് മണ്ണിൽ കുഴിച്ചിട്ടു പ്രാർത്ഥിക്കു മായിരുന്നു. ഐതിഹ്യമനുസരിച്ച്, പാതാള ലോകത്തുള്ള പ്ലൂട്ടോയുമായി പെ ർസെഫോണിനു ബന്ധമുള്ളതിനാൽ, ഒരാൾക്ക് തന്റെ ശത്രുവിനോട് പ്രതി കാരം വീട്ടുവാൻ ഈ ദേവത ഉപകാരപ്പെടുമെന്നാണ് വിശ്വസിക്കപ്പെട്ടിരുന്നത്.

കൊരിന്തിൽ നമസ്ക്കരിച്ചിരുന്ന മറ്റുദേവന്മാർ താരതമ്യേന പുതുതാ യിരുന്നു. പൂർവ്വ ദിക്കുകളിലെ രഹസ്യാചാരങ്ങളും പ്രചാരത്തിലിരുന്നു. കുടുംബിനി ദേവിയായ സൈബിലും സഹചരനും ഉണ്ടായിരുന്നത് തെളി യിക്കുന്നതായി, ആസ്യാ ഭൂഖണ്ഡത്തിൽനിന്നു ഭൂഗർഭഗവേഷകന്മാർ കണ്ടെ ടുത്തിരുന്നത് കാണിക്കുന്നു പൗലൊസിന്റ കാലത്ത് അവിടെയുണ്ടായിരുന്ന രഹസ്യ ആചാരങ്ങൾക്കു പുറമെ, ഗ്രീക്ക് രീതിയിലേക്ക് സിബെലിനെയും ഐസിസിനെയും അവർ ദത്തെടുത്തിരുന്നു.

റോമൻ കൊരിന്തിലുണ്ടായിരുന്ന മറ്റൊരു മതവിഭാഗത്തെ കൂടെ നോക്കി കാണുന്നത് ഉചിതമായിരിക്കും. കൊരിന്തിലെ സഭാ സമ്മേളന സ്ഥലത്തിന ടുത്ത് ഉണ്ടായിരുന്നു എന്നു അനുമാനിക്കുന്ന ക്ഷേത്ര കെട്ടിടത്തിന്റെ അടി സ്ഥാനവും അവശിഷ്ടങ്ങളും ഭൂഗർഭ ഗവേഷണത്തിൽ കണ്ടെടുത്തിരുന്നു. ഗ്രീക്കല്ല, റോമൻ ക്ഷേത്രങ്ങളെല്ലാം പണിതിരുന്നത് അത്തരത്തിലായിരുന്നു. കൊരിന്തിലെ, ചക്രവർത്തിയുടെ ആചാരത്തിന്റെ ഭാഗമായിരുന്നു അവിടത്തെ ക്ഷേത്രങ്ങൾ എന്നതായിരിക്കും നല്ല വിവരണം. ടൈബീരിയസിന്റെ അമ്മ യും, അഗസ്റ്റസ് ചക്രവർത്തിയുടെ ഭാര്യയുമായ ലിവ്യയെ ആദരിക്കുന്നതിനു വേണ്ടിയായിരിക്കാം അത്. പൗലൊസിന്റെ കാലത്ത് ചക്രവർത്തിയാരാധന കൊരിന്തിൽ നിലനിന്നിരുന്നു, എന്നാൽ ചക്രവർത്തിയാരാധന രാജകുടുംബാം ഗങ്ങൾ മരിച്ചുപോയ ശേഷമായിരുന്നു നടത്തിയിരുന്നത്. ചക്രവർത്തിയാ ചാരം മുൻഗാമി ആരാധന എന്ന നിലയിലായിരുന്നു. പക്ഷെ റോമൻ സെന റ്റു പ്രഖ്യാപിക്കുന്നവരെ മാത്രമെ വന്ദിച്ചിരുന്നുള്ളു. ഭ്രാന്തന്മാരായ ഗലിഗുള, നീറോ എന്നീ ചക്രവർത്തിമാർ ജീവനോടെയിരുന്നപ്പോൾ തന്നെ, അവരെ ആരാധിക്കുവാൻ കൽപന പുറപ്പെടുവിച്ചിരുന്നു. പൗലൊസ് അവിടെ ചെന്ന പ്പോൾ, ആക്രമിച്ച് ഭീഷണിപ്പെടുത്തിയ ആളുകൾ ഭീഷണിക്ക് വിധേയരായ തിനാൽ ചക്രവർത്തിയാചാരങ്ങൾക്ക് അവരിൽ സ്ഥാനമില്ലായിരുന്നു. മറ്റു സംഘടനകളെ പോലെ തന്നെ, നിർബന്ധിച്ച് മതസ്വാധീനം ചെലുത്തുവാൻ കഴിഞ്ഞിരുന്നില്ല.

കൊരിന്തിൽ, നൂറ്റാണ്ടുകളായി നിലനിന്ന ധനികവും വിവിധവുമായ മത പരമായ കാഴ്ച്ചകളായിരുന്നു പൗലൊസിന് കാണുവാൻ കഴിഞ്ഞത്. അവിടെ യുള്ള സകല ആളുകളുടേയും ദേവന്മാരെ ആരാധിച്ചിരുന്ന വിഗ്രഹങ്ങളെല്ലാം യാതൊരു വിലയുമില്ലാത്തതാണ് എന്നതായിരുന്നു അവന്റെ സന്ദേശം. പഴയ നിയമത്തിൽ മോശെക്കും, പ്രവാചകന്മാർക്കും, സത്യ ദൈവം യിസ്രായേ ലിന്നും അവനും അത് വെളിപ്പെടുത്തി കൊടുത്തിരുന്നു. പുതിയ നിയമത്തിൽ സകല മനുഷ്യർക്കും അവൻ തന്നെ വെളിപ്പെടുത്തിയത് ക്രൂശിക്കപ്പെട്ട ക്രിസ്തു മുഖാന്തരമായിരുന്നു. ആ വിഗ്രഹാരാധികളെ ജീവനുള്ള സത്യ ദൈവത്തെ കുറിച്ച് പഠിപ്പിക്കുക എന്നത് പ്രയാസമേറിയ കാര്യമായിരുന്നു.

## കൊരിന്തിൽ ക്രിസ്തീയ സമൂഹത്തെ വാർത്തെടുക്കൽ

പൗലൊസ് കൊരിന്തിലെത്തിയപ്പോൾ, അവന് കൊരിന്തിലെ വഴികളെല്ലാം മനസിലാക്കണമായിരുന്നു. വളരെ പെട്ടെന്നു തന്നെ അവന് യെഹൂദ സമൂ ഹത്തെ കാണുവാൻ കഴിഞ്ഞു. റോമാ ലോകത്തെ മെട്രോപോളിറ്റൻ നഗരത്തി ലെല്ലാം യെഹൂദന്മാർ വസിച്ചിരുന്നു. അവരിൽ ചിലർ ദാസന്മാരും, ദരിദ്രരായ സ്വതന്ത്രന്മാരുമായിരുന്നു വെങ്കിൽ, മറ്റുള്ളവർ കച്ചവടക്കാരും ബാങ്കർമാരും ആയിരുന്നു. ചെറിയ കുറെ മുറികൾ അവരുടെ പള്ളിയോട് ചേർന്ന് പണിതിരു ന്നത് അതു വഴി യാത്ര ചെയ്തു വരുന്ന യെഹൂദന്മാർക്ക് താമസിക്കുന്നതിനാ യിരുന്നു. അല്ലെങ്കിൽ അവർക്ക് ലഭിക്കുന്ന ഭക്ഷണം വിലക്കപ്പെട്ടതായിരിക്കും. അപ്പൊസ്തലൻ അത്തരം മുറികളിൽ താമസിച്ചിരിക്കുവാനാണ് സാധ്യത.

ഭുഗർഭഗവേഷണങ്ങളുടെ ശേഖരങ്ങൾ ഒരു മൂസിയത്തിൽ മുഖ്യമായും ഗ്രീക്ക് മേലെഴുത്തിൽ പുരാതന പള്ളിയുടെ ഭാഗം പ്രദർശിപ്പിച്ചിരിക്കുന്നത് കാണാം. ആ മേലെഴുത്തിൽ വ്യക്തമായി വായിക്കാവുന്ന ഭാഗം, "എബ്രായ രുടെ പള്ളി" എന്നാണ്. അവിടെ കണ്ടെത്തിയ കല്ല് വ്യക്തമാക്കുന്നത്, നൂറു വർഷങ്ങൾക്ക് മുൻപുള്ള ഭൂമിശാസ്ത്ര പ്രവർത്തനങ്ങളെ കുറിക്കുന്നതായി രുന്നു. മേലെഴുത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുക പ്രയാസമായിരുന്നു; പൗലൊസ് അവിടെ സന്ദർശനം നടത്തിയതിന് നൂറു വർഷങ്ങൾക്ക് ശേഷ മുള്ളതാണെന്ന് സാഹചര്യശൈലി നോക്കി അനുമാനിച്ചിരിക്കുന്നു. ആ കല്ല് അവിടെ യെഹൂദ സാന്നിധ്യത്തെയും വെളിപ്പെടുത്തുന്നു.

പള്ളിയിൽ ആരാധിച്ചിരുന്ന ഒരു ദമ്പതിമാരെ പൗലൊസ് കണ്ടു, തുടർന്നു വർഷങ്ങളോളം അവരുടെ ജീവിതം പൗലൊസുമായി പിണഞ്ഞു കിടന്നി രുന്നു. അവർ അക്വിലാവും പ്രിസ്കില്ലയുമായിരുന്നു, അല്ലെങ്കിൽ, അവരെ സ്ഥിരമായി വിളിച്ചിരുന്നത് അക്വില എന്നും പ്രിസ്കാ എന്നുമായിരുന്നു (16:19). അവർ ഉടനീളം യാത്ര ചെയ്ത് തുകൽ സാധനങ്ങൾ കച്ചവടം ചെയ്തു കൂടാര ങ്ങളിൽ പാർത്തിരുന്നവരുമായിരുന്നു (പ്രവൃ. 18:3). പിന്നീട്, അവർ റോമിൽന ിന്നു കൊരിന്തിലെത്തി; എന്നാൽ അവരുടെ പിതൃദേശം റോമൻ പ്രവിശ്യയായി രുന്ന പൊന്തിയൊസ് ആയിരുന്നു, അത് കരിങ്കടലിന്റെ കിഴക്കോട്ടും പടിഞ്ഞാ റോട്ടും വ്യാപിച്ചു കിടന്ന തെക്കെ തീരമായിരുന്നു. അവരുടെ മാതൃപട്ടണം, പ്രധാനമായും, കച്ചവടത്തിന് പറ്റിയ സിനോപ് ആയിരുന്നേക്കാം. അവരെ റോമിലേക്ക് നയിക്കുവാനുള്ള കാരണത്തെ ലൂക്കൊസ് വിവരിക്കുന്നില്ല, എന്നാൽ സാമ്രാജ്യത്തിന്റെ ചരക്ക് കയറ്റിറക്കു സാധ്യതകൾക്ക് യോജിച്ച മാർഗം അവരെ ഇറ്റാലിയൻ പെനെൻസുലയിലേക്ക് നയിച്ചിരിക്കാം. പൊന്തെ യോസിലെ മറ്റു പട്ടണങ്ങളിലും, സിനോപ്പിലും വർക്ക്ഷോപ്പ് തുടങ്ങുവാനുള്ള

സൗകര്യം ആ ദമ്പതികൾ കണ്ടിരിക്കാം. എങ്ങനെയായാലും, റോമിലെ അവരുടെ താമസം, തടസപ്പെട്ടു. അവരുടെ നിയന്ത്രണത്തിനതീതമായ രാഷ്ട്രീയ സംഭവങ്ങൾ നിമിത്തം അവർക്ക് പുറത്തു പോകേണ്ടി വന്നു (പ്രവൃ. 18:2).

റോമിലുള്ള യെഹൂദ സമൂഹത്തിൽ കലാപം പൊട്ടിപ്പുറപ്പെട്ടതും, അപ്പൊസ്തലനും അക്വിലാവും പ്രിസ്കില്ലയും കൊരിന്തിലെത്തിയതും ഒരേ സമയത്താണെന്ന് റോമൻ ചരിത്രകാരന്മാരും ആനുകാലിക എഴുത്തുകാരും ഏകദേശം തിട്ടപ്പെടുത്തിയിരിക്കുന്നു. പൗലൊസ് കൊരിന്തിൽ എത്തുന്നതിന് ഒന്നോ രണ്ടോ വർഷങ്ങൾക്ക് മുൻപ്, ക്ലൗദ്യോസ് ചക്രവർത്തി യെഹൂദന്മാരെ റോമിൽ നിന്നു പുറത്താക്കിയതായി രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, എഴുത്തുകാരനായിരുന്ന സുയെറ്റോണിയസ് രേഖപ്പെടുത്തിയിരുന്നു. "അസ്വസ്ഥരായവർക്ക് ക്രെസ്റ്റസ്" പ്രചോദനമായി എന്നാണ് ചരിത്രകാരൻ പറഞ്ഞത്.[12] "ക്രെസ്റ്റസ്" എന്നതിന്റെ ആശയം ഒരു ഊഹാപോഹമാണ്. "ദയ" അല്ലെങ്കിൽ "സൗമ്യത" എന്നാണ് ആ വാക്കിന്റെ അർത്ഥം, ലാറ്റിൻ – സംസാരിക്കുന്ന പ്രദേശങ്ങളിൽ അത് പൊതുവായ ഒരു പേരായിരുന്നു. "ക്രെസ്തൊസ്" എന്ന പേർ യെഹൂദ സമൂഹത്തിലേക്ക് വന്നതായി പരാതി ഉയർന്നിരുന്നു. "ക്രിസ്തോസ്" എന്നത് "ക്രിസ്തു" എന്ന വാക്കിന്റെ ലാറ്റിൻ പദമാണ്, അത് "ക്രെസ്റ്റസ്" എന്ന വാക്കുമായി അടുത്തിരിക്കുന്നു. സംഭവത്തിന് അമ്പതു വർഷങ്ങൾക്ക് ശേഷമുള്ള എഴുത്തുകളിൽ, സുയെറ്റോണിയസ്, യെഹൂദ സമൂഹത്തിലെ പരിഷ്കാരങ്ങൾ അറിയാത്തതിനാൽ, "ക്രെസ്റ്റസും," ക്രിസ്റ്റോസും തമ്മിൽ തെറ്റിദ്ധരിച്ചിരിക്കാം. യെഹൂദ്യയിലെ സംഭവ വികാസങ്ങൾ – വിശേഷിച്ച് നസറേത്തുകാരനായ യേശു, തന്നെയാണ് ദൈവത്തിന്റെ ക്രിസ്തു എന്ന കാര്യത്തെ കുറിച്ച് വിയോജിപ്പുകളും, അസ്വാരസ്യവും, റോമൻ യെഹൂദരിൽ വളർന്നു വന്നിരുന്നു. അത്തരം അസ്വസ്തത ഇഷ്ടപ്പെടാതിരുന്ന റോമൻ അധികാരികൾ യെഹൂദന്മാരെയെല്ലാം പുറത്താക്കി.

ക്രിസ്ത്യാനിത്വത്തെ പരിചയപ്പെടുത്തിയതിനാലായിരുന്നു റോമിലെ യെഹൂദന്മാരുടെ അസ്വസ്തക്ക് കാരണം., ആരംഭത്തിൽ (ഏകദേശം എ. ഡി. 49) അത് ശ്രദ്ധേയമായി കാണപ്പെട്ടു. കർത്താവ് മരിച്ച് ഉയർത്തെഴുന്നേറ്റ് ഇരുപതു വർഷം തികയുന്നതിനു മുമ്പായിരുന്നു ആ അസ്വസ്തത ആരംഭിച്ചത്. പൗലൊസ് അക്വിലാവെയും പ്രിസില്ലയെയും കാണുമ്പോൾ അവർ ക്രിസ്ത്യാനികളായിരിക്കുവാനാണ് സാധ്യത. അപ്പൊസ്തലൻ അവരെ പഠിപ്പിച്ച് സ്നാനപ്പെടുത്തിയതായി വിശുദ്ധ രേഖകൾ പറയുന്നില്ല. എഫ്. എഫ്. ബ്രൂസ് ഉപസംഹരിച്ചു.

> പൗലൊസ് തന്റെ എഴുത്തുകളിലൊന്നും അവർ അവന്റെ പരിവർത്തകരാണെന്ന് പറയുന്നില്ല: അവർ പൗലൊസിനെ കാണുന്നതിന് മുൻപ് തന്നെ ക്രിസ്ത്യാനികളായി തീർന്നിരുന്നു എന്നാണ് സൂചനകൾ നൽകുന്ന വിവരം, അതനുസരിച്ച് അവർ റോമിലായിരുന്നപ്പോൾ ക്രിസ്ത്യാനികളായതായിരിക്കാം ...[13]

ആ ദമ്പതികളോടുകൂടെ പൗലൊസ് തന്റെ തൊഴിൽ പങ്കിടുക മാത്രമല്ല ചെയ്തത്, അവരും അവനും ഒരേ വിശ്വാസത്തെയായിരുന്നു സ്വീകരിച്ചിരുന്നത്. പൗലൊസ് ആ പട്ടണത്തിലെത്തുന്നതിനു മുൻപ് തന്നെ കൊരിന്തിൽ ക്രിസ്തീയ സമൂഹം ഉടലെടുത്തിരുന്നു.

ഇസ്ത്മിയൻ ഗെയിം നിമിത്തമായിരിക്കാം അക്വവിലാവും പ്രിസ്ക്കില്ലയും കൊരിന്തിൽ താമസിക്കുവാനിടയായത്, സഞ്ചാരികൾ ഗെയിംസിൽ പങ്കെടുക്കുവാൻ വരുമ്പോൾ, അവർക്ക് താമസിക്കുവാൻ വീട് ആവശ്യമായിരുന്നു. കായിക താരങ്ങൾക്കും കാണികൾക്കും താമസിക്കുവാൻ തങ്ങൾ നിർമ്മിക്കുന്ന തുകൽ കൂടാരങ്ങൾ ഉപകരിക്കുമെന്നും കച്ചവടം നടക്കുമെന്ന ചിന്തയിലായിരുന്നേക്കാം ആ ദമ്പതികൾ. കുറെ നാളത്തേക്ക് പൗലൊസ് അവരോടുകൂടെ ജോലി ചെയ്യുകയും, അവരുടെ വർക്ക്ഷോപ്പിൽ ക്രിസ്തുവിനെ കുറിച്ച് അവസരം കിട്ടിയതനുസരിച്ച് പഠിപ്പിക്കയും ചെയ്തു. തന്റെ കൈകൊണ്ട് വേല ചെയ്യുന്നതിൽ അപ്പൊസ്തലന് ഒരു മടിയുമില്ലായിരുന്നു (1 തെസ്സ. 2:9); പക്ഷെ അധികം ആഴ്ച്ചകൾ കഴിയുന്നതിനു മുൻപ് മക്കദോന്യയിൽ നിന്ന് തിമൊഥെയൊസും, ശിലാസും അവനോട് ചേർന്നു. മുഴുവൻ സമയവും സുവിശേഷ പ്രവർത്തനത്തിനും സഭയെ ഉറപ്പിക്കുന്നതിനും ആവശ്യമായ ധർമ്മവുമായിട്ടായിരുന്നു അവർ വന്നത് (പ്രവൃ. 18:5; 2 കൊ. 11:9).

പൗലൊസിന്റെ തീവ്രമായ പ്രവർത്തനത്തെ യെഹൂദന്മാർ എതിർത്തപ്പോൾ, തന്റെ മേഖല പള്ളി മുറിയിൽനിന്ന്, തിത്തൊസ് യുസ്തോസിന്റെ (ലാറ്റിൻ പേർ) വീട്ടിലേക്ക് മാറ്റിയിരിക്കാം. പൗലൊസ് അവിടെ എത്തുന്നതിനു മുൻപ് യുസ്തോസ് "ദൈവത്തെ ആരാധിക്കുന്നവൻ" ആയിരുന്നു (പ്രവൃ. 18:7). സ്പഷ്ടമായും, അവൻ യെഹൂദന്മാരുടെ എല്ലാ സമ്പ്രദായങ്ങളും പ്രമാണിച്ചിരുന്നില്ല. അദ്ദേഹവും അക്കാലത്ത് ജീവിച്ചിരുന്ന പലരും, യെഹൂദ മതത്തെ സ്വീകരിച്ചത്, അതിന്റെ ഏക ദൈവത്വവും, പ്രാചീനത്വവും, ഉയർന്ന നീതിശാസ്ത്രവും നിമിത്തമായിരുന്നു. അവർ യെഹൂദ മതത്തിൽ നിന്നു പ്രതീക്ഷിച്ചത് ബാഹ്യമായ ചടങ്ങുകളോ, പരിഛേദനയോ കൂടാതെ ക്രിസ്തു നിമിത്തം ലഭിക്കുമെന്ന വസ്തുത പൗലൊസ് പ്രസംഗിച്ചത് അവരെ ആകർഷിച്ചു. ക്രിസ്തുവിനെ ഏറ്റു പറയുവാനായിരുന്നു പൗലൊസ് കൊരിന്തിലെ യെഹൂദന്മാരെയും ജാതികളെയയും പ്രോൽസാഹിപ്പിച്ചത്. യെഹൂദ സമൂഹത്തിലെ പ്രമാണിയായിരുന്ന ക്രിസ്പോസും, ഭാര്യയും, അവന്റെ പ്രായപൂർത്തിയായയ മക്കളും, ദാസന്മാരും, കൊരിന്തിലുള്ള മറ്റനേകരും ക്രിസ്തുവിനെ ധരിക്കുവാൻ സ്നാനം ഏറ്റു.

ക്രമേണ, പൗലൊസ് തന്റെ പ്രവർത്തനം വിജയിച്ചതിനാൽ കൊരിന്തിൽ നിലനിന്നു. പൗലൊസിനെ എതിർത്ത യെഹൂദന്മാർ രോഷാകുലരായി തീർന്നു. തന്റെ ജീവനെ ഭയന്നു പൗലൊസ്, അവിടെ നി ന്നു പോകുവാൻ തീരുമാനിച്ചു. എങ്ങനെയായാലും, കർത്താവിൽ നിന്നുള്ള സന്ദേശം നിമിത്തം, പട്ടണത്തിലെ അവന്റെ താമസം ദീർഘിപ്പിച്ചു. "നീ ഭയപ്പെടാതെ പ്രസംഗിക്ക; മിണ്ടാതിരിക്കരുത്; ... ഈ പട്ടണത്തിൽ എനിക്ക് വളരെ ജനം ഉണ്ട് എന്നു അരുളിച്ചെയ്തു" (പ്രവൃ. 18:9, 10). പൗലൊസ് തന്റെ പ്രസംഗം തുടർന്നു. പുതിയ ആശയം ഉൾക്കൊള്ളുവാൻ പുരാതന പട്ടണങ്ങൾക്ക് അധികവും കഴിഞ്ഞില്ല; എന്നാൽ അപ്പൊസ്തലന്, "ഒരു വർഷവും ആറു മാസവും പട്ടണത്തിൽ താമസിക്കുവാൻ സാധിച്ചു." (പ്രവൃ. 18:11), അത് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് അധിക നാളുകൾ ആയിരുന്നു. അവർ തന്നെ പരിഹരിക്കേണ്ട ഒരു ആന്തരിക പ്രശ്നമായിരുന്നു യെഹൂദന്മാരും പൗലൊസും തമ്മിൽ ഉടലെടുത്തത്. അഖായയിലെ റോമൻ നാടുവാഴിയുടെ അടുക്കൽ പൗലൊസിനെ കുറിച്ച് കൂടുതൽ പരാതി വന്നപ്പോൾ, റോമിലെ യെഹൂദന്മാരുടെ അസ്വസ്തത ആവർത്തിക്കപ്പെടുവാൻ നാടുവാഴി ശ്രമിച്ചു. ആ സമയത്ത്, പൗലൊസ് അല്ല, സോസ്തനോസ് എന്ന

പുതിയ പള്ളി പ്രമാണിയെ ന്യായാധിപസഭയിലെത്തിച്ചു അടിച്ചു. ലൂക്കൊസ് എഴുതി, "ഇതൊന്നും ഗല്ലിയോൻ കാര്യമാക്കിയില്ല" (പ്രവൃ. 18:17).

നിയമപരമായ കാര്യങ്ങളെ സംന്ധിച്ച്, ഗല്ലിയോൻ സുയെറ്റോണിയസിന്റെ മാർഗമായിരുന്നു സ്വീകരിച്ചതെന്നു തോന്നുന്നു. റോമാക്കാരെ സംബന്ധിച്ചിടത്തോളം, ക്രിസ്ത്യാനിത്വം യെഹൂദ മതത്തിന്റെ ഒരു ഭാഗമായി മാത്രമെ കണ്ടിരുന്നുള്ളു.[14] അവർക്ക് തമ്മിലുള്ള പ്രശ്നം അവർ തന്നെ പരിഹരിക്കുമെന്നായിരുന്നു പ്രതീക്ഷ. കുഴപ്പമായി മാറുന്ന തർക്കങ്ങൾ റോമർക്ക് ഇഷ്ടമായിരുന്നില്ല. യെഹൂദന്മാർക്കിടയിലുള്ള ഇത്തരം അസ്വാരസ്യങ്ങൾ എല്ലാവരേയും വിഷമിപ്പിക്കുമെന്ന ചിന്തയാണ് അവർക്ക് ഉണ്ടായിരുന്നത്. ഏതാനും ദശാബ്ദത്തോളം, പ്രാരംഭത്തിൽ, യെഹൂദന്മാർക്ക് ലഭിച്ചിരുന്ന അതേ ആനുകൂല്യം ക്രിസ്ത്യാനികൾക്കും ലഭിച്ചിരുന്നു. ഗല്ലിയോൻ അവനെ സഹിച്ചുവെങ്കിലും, പൗലൊസിന് അവിടെ ധാരാളം ശത്രുകൾ ഉത്ഭവിച്ചതിനാൽ, അവൻ അവിടെ തുടർന്നു പ്രവർത്തിക്കുവാൻ അനുവദിച്ചില്ല. കുറച്ചു നാളേക്ക്, യെരുശലേമിലേക്ക് പോയി, തന്റെ പ്രവർത്തന വിജയം അവിടെയുള്ള സഹോദരന്മാരെ ധരിപ്പിക്കുവാൻ ആഗ്രഹിച്ചിരുന്നു. അതിനു ശേഷം, സാമ്രാജ്യത്തിലുടനീളം സഭ ആരംഭിക്കുവാൻ പൗലൊസ് തീരുമാനിച്ചിരുന്നു.

## എഫെസൊസും, കൊരിന്തും, പൗലൊസും

അക്വിലയോടും പ്രിസ്കില്ലയോടും കൂടെയാണ് പൗലൊസ് കൊരിന്ത് വിട്ടുപോയത്. യെരുശലേമിലേക്കുള്ള യാത്രയിൽ അവൻ ആദ്യം എത്തിചേരുവാൻ ആഗ്രഹിച്ചത് എഫെസൊസിൽ ആയിരുന്നു. ഒരുപക്ഷെ തന്റെ കൊരിന്തിലെ സുരക്ഷക്ക് നന്ദി കരേറ്റുവാനും, നാസീർ വ്രതം ആചരിക്കുന്നതിനും ആകാം (സംഖ്യ. 6:2-5). അവന്റെ നേർച്ച, കൊരിന്തിലെ കിഴക്കുഭാഗത്തുള്ള കെംക്രയ തുറമുഖം വിട്ടുപോകുന്നതിന് മുമ്പ് പൂർത്തിയാക്കണമായിരുന്നു. അതനുസരിച്ച്, കെംക്രയയിൽനിന്ന് കപ്പൽ കയറുന്നതിനു മുൻപ് അവന്റെ തല ക്ഷൗരം ചെയ്തിരുന്നു (പ്രവൃ. 18:18). എഫെസോസിൽ എത്തിയപ്പോൾ, പൗലൊസ് പട്ടണത്തിലെ പള്ളിയിൽ പോയി പ്രസംഗിക്കുകയും, പുരുഷാരത്തിൽ താൽപര്യം ഉണർത്തുകയും ചെയ്തു; പക്ഷെ അവൻ യെരുശലേമിലേക്ക് പോകുന്ന തിരക്കിലായിരുന്നു. പെന്തെകൊസ്തു നാളിൽ സഭ ആരംഭിച്ച് ഒരു വർഷമാകുന്ന സമയത്തേക്ക് അവിടെ എത്തുവാനായിരിക്കാം അപ്പൊസ്തലൻ ശ്രമിച്ചത്. താൻ തിരിച്ച് വരുമെന്ന് എഫെസൊസിലുള്ളവരോട് അപ്പൊസ്തലൻ വാക്ക് പറഞ്ഞിട്ട്, ആദ്യം തെക്കോട്ടും, പിന്നെ കിഴക്ക് ലെവന്ത് ലക്ഷ്യമാക്കി കപ്പലിൽ യാത്ര ചെയ്തു. അക്വിലയും പ്രിസ്കില്ലയും എഫെസൊസിൽ തങ്ങി, അവരുടെ കച്ചവടം നടത്തുകയും, യേശു തന്നെ ക്രിസ്തു എന്ന സാക്ഷ്യം അറിയിച്ചുപോരുകയും ചെയ്തു.

ചുരുങ്ങിയ വാക്കുകളിൽ ഒതുക്കി ലൂക്കൊസ് മാസങ്ങളോളം, അല്ലെങ്കിൽ ഒരു വർഷത്തിലധികം അപ്പൊസ്തലൻ യാത്ര ചെയ്തതായി പറഞ്ഞിരിക്കുന്നു (പ്രവൃ. 18:22; 19:1). പിന്നീട്, അപ്പൊസ്തലൻ തന്റെ വാക്ക് പാലിച്ച്, എഫെസൊസിൽ മടങ്ങിയെത്തി. മൂന്നു മാസം പൗലൊസ് പള്ളിയിൽ പ്രസംഗിച്ചു, പക്ഷെ മറ്റു പട്ടണങ്ങളിൽ അവന് യെഹൂദരിൽ നിന്നുമുണ്ടായ അനുഭവം തന്നെയായിരുന്നു അവിടെയും ഉണ്ടായത്. പള്ളി പൗലൊസിനു മുമ്പിൽ അടക്കപ്പെട്ടപ്പോൾ, തുറന്നോസിന്റെ പാഠശാല അവനായി ദൈവം തുറന്നു കൊടുത്തു. തുറന്നോസിന്റെ പാഠശാലയിൽ വിദ്യാർത്ഥികൾക്ക്

ഒഴിവു കാലമായിരുന്നതിനാൽ, പൗലൊസിന് അവിടെ ക്രിസ്തുവിനെ പ്ര സംഗിക്കുവാൻ കഴിഞ്ഞു. എഫെസൊസിലുള്ള ആളുകളിലേക്ക് മാത്രമല്ല, സുവിശേഷം വേരൂന്നിയത്, പിന്നെയോ, ആസ്യയിലെ എല്ലാ റോമൻ നാടുക ളിലേക്കും വ്യാപിച്ചു (പ്രവൃ. 19:10). എഫെസൊസിലെ പൗലൊസിന്റെ താമസ കാലയളവിൽ, സംഭവിച്ച ചുരുക്കം ചില സംഭവങ്ങൾ മാത്രമാണ് ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അവന്റെ വിജയത്തിനു മുൻപ് സംഭ വിച്ച ഭയങ്കര എതിർപ്പുകൾ മനസിലാക്കുവാൻ അതു ധാരാളം മതിയാകും.

കൊരിന്തിലും, തെസ്സലൊനിക്യയിലും, ഗ്രീക്ക് സംസാരിക്കുന്ന മറ്റു പട്ടണങ്ങളിലുമുള്ളവരെയും തമ്മിൽ താരതമ്യം ചെയ്യുവാനും താൻ വിട്ടു പോന്ന ക്രിസ്ത്യാനികളെ കുറിച്ച് പൗലൊസിന് ബോധ്യമുണ്ടാകുവാനും സാധ്യതയുണ്ടായിരുന്നു. ഒന്നാം നൂറ്റാണ്ടിൽ, ഗ്രീക്ക് സംസാരിക്കുന്ന സ്ഥല ങ്ങളിൽ, ഗ്രീക്ക് തത്വചിന്തകന്മാർ ധാരാളം യാത്രകൾ നടത്തിയിരുന്നു. അവ രിൽ പലരും, ഉറച്ചവരും, അസാന്മാർഗികളും, നിന്ദിക്കുന്നവരുമായിരുന്നു. പെ ാതു സ്ഥലങ്ങളിൽ അവരുടെ ചിന്തകൾ അവർ പ്രഖ്യാപിച്ചിരുന്നു, അവരുടെ സേവനത്തിന് അവർ പണം ആവശ്യപ്പെടുകയും ചെയ്യുമായിരുന്നു, ഇടക്കി ടക്ക് അനുയായികളെയും ലഭിച്ചിരുന്നു. പിന്നീട് അവർ പുതിയ മേച്ചൽപുറം തേടി പൊകുമായിരുന്നു. പൗലൊസിന്റെ സമകാലികനായിരുന്ന ഡിയോ ക്രിസോസ്റ്റം, താൻ ഇസ്തുമിയൻ ഗെയിംസിൽ, സാക്ഷീകരിച്ച സോഫിസ്റ്റു കളെ കുറിച്ച് ഇങ്ങനെ വിവരിക്കുന്നു:

> അതായിരുന്നു സമയം ... ഹീനവും, പരിഷ്ക്കാരം വരുത്തുന്നതുമായ ഒച്ചപ്പാടുകൾ പൊസെയിഡോൻ ക്ഷേത്രത്തിനു ചുറ്റും ചീത്തവിളികളും, ഒച്ചപ്പാടുകളും ഉയരുകയും, അന്യോന്യം പോരാടുകയും, അവരുടെ ശി ഷ്യന്മാരെ വിളിച്ചപ്പോൾ, അവരും പരസ്പരം മല്ലിടുകയും, എഴുത്തുകാർ തങ്ങളുടെ അവിവേക രചനകൾ വായിച്ചുകേൾപ്പിക്കുകയും, കവികളിൽ പലരും തങ്ങളുടെ കവിതകൾ ഉച്ചത്തിൽ വായിക്കുമ്പോൾ, മറ്റുള്ളവർ അതു കേട്ട് കയ്യടിക്കുകയും, ചെപ്പടിവിദ്യക്കാർ തങ്ങളുടെ ഉപായങ്ങൾ പ്രദർശിപ്പിക്കയും, ഭാവി – പ്രവചനം നടത്തുന്നവർ അതിൽ വ്യാപൃതരാ കയും, അസംഖ്യം അഭിഭാഷകർ തലതിരിഞ്ഞ വിധി നടത്തുകയും, പ്ര ത്യേക ആശയങ്ങൾ പ്രചരിപ്പിക്കുന്നവർ, എന്തു തന്നെ സംഭവിച്ചാലും അതു തുടരുകയും ചെയ്യുന്നു.[15]

ക്രിസോസ്റ്റം വിവരിച്ചതുപോലെയായിരുന്നു കൊരിന്തിൽ അപ്പൊസ്തലൻ വിട്ടുപോന്ന ചില ക്രിസ്ത്യാനികൾ. ഇനി അപ്പൊസ്തലനെ കുറിച്ച് ഒന്നും കേൾക്കുകയില്ല എന്നാണ് അവർ വിചാരിച്ചത്. എങ്ങനെയായാലും, ഈ കാര്യത്തിൽ അവർക്ക് തെറ്റുപറ്റി. പൗലൊസ് ആളുകളെ ക്രിസ്തുവിനോടു ചെരുവാൻ സ്നാനപ്പെടുത്തുക മാത്രമല്ല, ആ പരിവർത്തകരെ പഠിപ്പിച്ച് പോറ്റി വളർത്തുകയും ചെയ്തു. സഭകളെ പണിയുകയും, കർത്താവായ യേശുവിന്റെ മടങ്ങി വരവിനായി കാത്തിരിക്കുന്ന സഭകളെ വിശുദ്ധ ജീവിതം നയിക്കുവാൻ ഉത്തേജിപ്പിക്കുകയുമായിരുന്നു പൗലൊസിന്റെ താൽപര്യം. പൗലൊസ് എഫെസൊസിൽ പ്രവർത്തിച്ചപ്പോൾ അവൻ കൊരിന്തിനെ വിട്ടുകളഞ്ഞു എന്നു വിചാരിക്കരുത്. എഫെസൊസസിലെ പ്രവർത്തനം വിജയിക്കുകയും പൗലൊസിന്റെ സാന്നിധ്യം അവിടെ ആവശ്യമായി വരികയും ചെയ്തിരുന്നു.

അപ്പോഴും അവൻ കൊ രിന്തിലെ തന്റെ സഹോദരന്മാരെ കുറിച്ചുള്ള വിവരം അറിയുവാൻ ആഗ്രഹിച്ചു.

കൊരിന്ത്, എഫെസൊസ് തുടങ്ങിയ വലിയ നഗരങ്ങളിലേക്കു കപ്പൽ മാര്ഗമുള്ള യാത്ര *പാക്സ് റൊമാനാ*, “റോമിന്റെ സമാധാനം.” ഒരുപക്ഷെ വ്യാവസായികാവശ്യങ്ങൾക്കായി ആ മാർഗം ആളുകൾ ഉപയോഗിച്ചിരിക്കാം. ആ രീതിയിൽ വ്യാപാരം നടത്തിയിരുന്ന സ്ത്രീയാകാം ക്ലോവെ, തന്നെ വിവരം അറിയിച്ചവരെ പൗലൊസ്, “ക്ലോവയുടെ ആളുകൾ” എന്നാണ് പറഞ്ഞത്. കൊരിന്തിലെ ക്രിസ്തീയ സമൂഹത്തിൽ പ്രവർത്തിച്ചിരുന്നവരാകാം അവർ. കൊരിന്ത്യാ സഭയുമായി അവർ ബന്ധപ്പെട്ടിരുന്നു എന്നു കണക്കാക്കാം.

ക്ലോവയുടെ ആളുകളിൽനിന്നു ലഭിച്ച വിവരം പൗലൊസിനെ അസ്വവസ്തനാക്കി. ജ്വലിച്ചുർന്ന സഭ ഇപ്പോൾ ഓരോ പക്ഷവാദികളായി തീർന്നിരിക്കുന്നു. വാഗ്മിയും പഠിതാവുമായ അപ്പല്ലൊസ് കുറെ നാൾ കൊരിന്തിൽ കുറെ നാൾ ചെലവഴിച്ചിരുന്നു (പ്രവൃ. 18:24). അവൻ പൗലൊസിനോട് കാര്യമായ സംവാദം നടത്തി. മനുഷ്യർ ജ്ഞാനികളായി കണക്കാക്കിയവരെ അപ്പൊസ്തലൻ കാര്യമാക്കിയില്ല (1 കൊ. 2:1, 2); അവന്റെ വ്യക്തി സാന്നിധ്യവും വേഗതയുള്ള വാക്കുകളും, വലിയ പ്രതീതിയൊന്നും ഉളവാക്കിയില്ല (2 കൊ. 10:10). കൊരിന്തിലുള്ള ക്രിസ്ത്യാനികൾ ഓരോ വശത്തേക്ക് ചായുവാൻ തുടങ്ങി. ചിലർ നേതൃത്വത്തിനായി അപ്പല്ലൊസിലേക്ക് നോക്കി; വേറെ ചിലർ പൗലൊസിലേക്ക് ചാഞ്ഞു. അപ്പല്ലൊസ്, അലെക്സന്ത്രിയയിലേക്കും, അവിടെ നിന്ന് എഫെസൊസിലേക്കും, പിന്നെ കൊരിന്തിലേക്കും യാത്ര ചെയ്ത സ്വാതന്ത്ര്യം സൂചിപ്പിക്കുന്നത്, അവൻ ധനികനായിരുന്നു എന്നാണ്. യാത്ര ചെലവേറിയതാണ്. അവന്റെ പഠനവും, സാങ്കേതികത്വവും കൊരിന്തിലെ പലർക്കും ഇഷ്ടമായിരുന്നു. സമ്പന്ന കൊരിന്തിനെ പരിഷ്കൃതമാക്കിയത്, ജ്ഞാനം, തത്വം, സാങ്കേതികത്വം എന്നിവയായിരുന്നു. അപ്പല്ലൊസ് വിശ്വാസികളുടെ പ്രചോദകൻ ആയിരുന്നു. തന്നോടും അപ്പല്ലലൊസിനോടും ചായ്വുള്ളവരുടെ ഇടയിൽ ഭിന്നത നിയന്ത്രണാതീതമായി മാറി എന്നാണ് അവൻ കേട്ട വാർത്ത. തന്റെ ഉപദേശം അപ്പല്ലൊസിന്റേതിനേക്കാൾ അടിസ്ഥാനപരമായി സ്വീകരിക്കുവാനിടയായതെന്തുകൊണ്ടാണെന്ന് പൗലൊസിന് സഭയോട് വിശദീകരിക്കേണ്ടി വന്നു (1 കൊ. 3:1–3). അതേ സമയം, കർത്താവിന്റെ ശരീരമായ സഭയുടെ ഐക്യതക്കായി, താനും അപ്പല്ലൊസും പുറകിലേക്ക് മാറി നിൽക്കാമെന്ന് പറഞ്ഞു (3:5, 6). കൂടുതൽ ഭിന്നത ഭവിക്കാതിരിക്കുവാനായി, തന്റെ ഭാഗത്തു നിന്നും അപ്പല്ലൊസ്, പട്ടണം വിട്ടുപോകയും, പിന്നെ തിരിച്ചു വരാതിരിക്കുകയും ചെയ്തു (16:12). പ്രവർത്തിക്കേണ്ട ഒരു ആവശ്യമായി പൗലൊസ് അതിനെ കണ്ടു. താത്വിക ചിന്തയാൽ സഭയിൽ ഭിന്നത വരുത്താതിരിക്കുവാനായി എഴുതുവാൻ പൗലൊസ് നിർബ്ബന്ധിതനായി.

താൻ എഴുതുവാനുദ്ദേശിച്ച ലേഖനത്തെ പരിഗണിച്ചപ്പോൾ, രൂപപ്പെട്ട പുതിയ സംഭവവികാസങ്ങൾ എഴുതുവാൻ പൗലൊസിനെ പ്രചോദിപ്പിച്ചു. കൊരിന്തിൽ നിന്നു മൂന്നു സ്നേഹിതന്മാർ വന്നു. അവരിൽ ഒരാൾ സ്തെഫാനൊസ് ആയിരുന്നു, അവൻ ആസ്യയിലെ അവന്റെ ആദ്യഫലമായിരുന്നു (16:15–17). സന്ദർശിച്ച മൂന്നു പേരുടെ പേരുകൾ അവരെ കുറിച്ച് ചിലത് പറയുന്നു. സ്തെഫാനൊസിനെ അവന്റെ കുടുംബത്തോടൊപ്പം പറഞ്ഞിരിക്കയാലും, സ്തെഫാനൊസിനെ പോലെയുള്ളവർക്ക് സഭ കീഴ്പ്പെട്ടിരിപ്പിൻ എന്നു പറഞ്ഞിരിക്കയാലും, അവന് സഭയിൽ നല്ല സ്വാധീനം ഉണ്ടായിരുന്നു

എന്നു വ്യക്തം. അവന് നല്ല നി ലവാരവും, സാമ്പത്തിക ഭദ്രതയും ഉണ്ടായിരുന്നേക്കാം. സ്തെഫാനൊസ് എന്നത് "സ്റ്റീഫൻ," "സ്റ്റെഫനി" എന്നീ ഇംഗ്ലീഷ് പേരുകൾ പോല, ഗ്രീക്കുകാരുടെ ഇടയിൽ പൊതുവായ ഒരു പേരായിരുന്നു. ഗ്രീക്ക് വാക്ക് στέφανος (*സ്റ്റെഫാനോസ്*) രൂപമാറ്റം സംഭവിച്ചതാണ് ആ പേർ. ഗെയിംസിൽ കാംക്ഷിക്കാവുന്ന ഒരു കിരീടത്തെയാണ് അത് സൂചിപ്പിക്കുന്നത്.

അവനോടൊപ്പം സഞ്ചരിച്ചിരുന്ന മറ്റു രണ്ടു പേരുടെ പേരുകൾ ദാസന്മാരെ വിളിച്ചിരുന്ന പേരുകൾ ആയിരുന്നു. "ഫോർച്ചുണെറ്റ്" അർത്ഥമാക്കുന്നത്, "ഭാഗ്യവാൻ" എന്നു പറയുന്നതുപോലെയാണ്. അത്തരം പേരുകളെ സംബന്ധിച്ച് ധാരാളം കഥകൾ മെനഞ്ഞിരുന്നേക്കാം. "അഖായികൊസ്," അർത്ഥമാക്കുന്നത്, "അഖായയിൽ നിന്നുള്ളവൻ" എന്നാണ്. കൊരിന്ത് സ്ഥിതി ചെയ്തിരുന്ന നാട് ആയിരുന്നു അഖായ. ഫോർച്ചുണെറ്റസും, അഖായികൊസും സ്തെഫാനൊസിന്റെ ദാസന്മാർ ആയിരുന്നു. പരിവർത്തനം അവരുടെ നിലവാരത്തെ ബാധിക്കുമോ എന്നു കണക്കിലെടുക്കാതെ പൗലൊസ്, യജമാനന്മാരെയും ദാസന്മാരെയും ക്രിസ്തുവിലേക്ക് നയിച്ചു (കൊലൊ. 3:22; 4:1).

ആ മൂന്നു സന്ദർശകർ പൗലൊസിന് സഭയെ കുറിച്ച് കൂടുതൽ വിവരങ്ങൾ നൽകുക മാത്രമല്ല ചെയ്തത്, വിഭജിക്കപ്പെട്ട അവസ്ഥയെയും, സഹോദരന്മാരിൽനിന്നുള്ള ഒരു എഴുത്തും അവർ നൽകി. സഹോദരന്മാർ കൊടുത്തയച്ച കത്തിൽ പൗലൊസിനോടുള്ള ചില ചോദ്യങ്ങളും ഉണ്ടായിരുന്നു. ഗൗരവമേറിയ ചില പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അവർക്ക് അറിയില്ലായിരുന്നു. ഇപ്പോൾ അവർക്ക് പൗലൊസ് ലേഖനം എഴുതേണ്ടത് അത്യാവശ്യമായി തീർന്നിരിക്കുന്നു. ആ ലേഖനത്തിൽ, അവരുടെ ചോദ്യങ്ങൾക്കുള്ള ഉത്തരവും ഉൾപ്പെടുത്തും (1 കൊ. 7:1). "നിങ്ങൾ എഴുതിയയച്ച കാര്യങ്ങളെ സംബന്ധിച്ച്" എന്നു പറഞ്ഞുകൊണ്ടാണ് പൗലൊസ് അവയ്ക്ക് മറുപടി നൽകിയത് (7:1; 8:1; 12:1; 16:1).

പൗലൊസ് കൊരിന്തിൽ എത്തുന്നതിനു മുൻപ് തന്നെ, അവിടെയുള്ള വിശ്വാസം, ഐതിഹ്യങ്ങളും, കഥകളും, കെട്ടുകഥകളും റോമാ - ഗ്രീക്ക് ലോകത്തിൽ എങ്ങും വ്യാപരിച്ചിരുന്നു. യൂറോപ്പിനേയും ആസ്യയേയും വ്യാപാരബന്ധത്തിൽ യോജിപ്പിച്ചിരുന്നത് ഇസ്ത്മസ് ആയിരുന്നു. കൊരിന്ത് ഒരു പ്രമുഖ കേന്ദ്രമായി കൈസർ കണ്ടതുപോലെ, പൗലൊസും അതിന്റെ ശക്തി തിരിച്ചറിഞ്ഞിരുന്നു. റോമൻ അധികാരം അവിടെ എത്തിക്കുവാനായിരുന്നു കൈസർ ശ്രമിച്ചിരുന്നതെങ്കിൽ, ക്രിസ്തുവിന്റെ സുവിശേഷം അവിടെ എത്തിക്കുവാനായിരുന്നു പൗലൊസ് ശ്രമിച്ചത്.

### ഉള്ളടക്കവും രൂപരേഖയും

ചുരുങ്ങിയ പരിചയപ്പെടുത്തലിനും, ഉപസംഹാരത്തിനും പുറമെ, പൗലൊസിന്റെ ഒന്നാം ലേഖനത്തിന് രണ്ട് മുഖ്യഭാഗങ്ങളാണുള്ളത്: സഭയിൽ ശ്രദ്ധിക്കപ്പെടേണ്ട ആവശ്യകതയും തിരുത്തലും (അ. 1–6), പൗലൊസിനോട് സഭ ചോദിച്ച ചോദ്യങ്ങൾക്കുള്ള പൗലൊസിന്റെ പ്രതികരണം (അ. 7–16). കൊരിന്ത്യ സഭയ്ക്ക് പൗലൊസ് ലേഖനം എഴുതിയതിനാൽ, ലോകത്തിന് മാറ്റം സംഭവിക്കുകയും, വിശുദ്ധ വചനങ്ങൾ പ്രാദേശികമായി പ്രായോഗികമാക്കുകയും, സഭ മൊത്തത്തിൽ ശക്തിപ്പെടുത്തുകയും ചെയ്തു. അപ്പൊസ്തലൻ റോമർക്ക് എഴുതിയ ലേഖനവും 1 കൊരിന്ത്യർക്ക് എഴുതിയ ലേഖന

വും കൂടുതൽ സ്വാധീനം ചെലുത്തുന്നതും ദൈർഘ്യമേറിയതുമായവയായിരുന്നു, അവ രണ്ടും ശ്രദ്ധേയമായ വ്യത്യാസമുള്ളവയാണ്. റോമാ ലേഖനം, ക്രിസ്ത്യാനികളോട് അടുത്തു നിൽക്കുന്നതും, വ്യവസ്ഥാപിക സുവിശേഷത്തിന്റെ അപ്പൊസ്തലിക അവതരണവുമാണ്. ക്രിസ്തുവിനെ അറിയുന്നതിൽ, സഭ നേരിടുന്ന പ്രയാസങ്ങളുടെ പ്രായോഗികതയാണ് 1 കൊരിന്ത്യർ അവതരിപ്പിക്കുന്നത്. ആ രണ്ട് രേഖകളുടേയും ആവശ്യകതയെ കുറിച്ച് ഏകദേശം അമ്പതു വർഷങ്ങൾക്ക് മുൻപ് സി. കെ. ബാരറ്റ് സാക്ഷീകരിച്ച് എഴുതി:

> അപ്പൊസ്തലിക സുവിശേഷം വീണ്ടും കണ്ടുപിടിക്കേണ്ടത് ഈ തലമുറയിൽ സഭക്ക് ആവശ്യമാണ് എന്നു ഞാൻ വിശ്വസിക്കുന്നു. ആ ആവശ്യത്തിന് റോമാ ലേഖനം ആവശ്യമാണ്. ഈ സുവിശേഷവും, അതിന്റെ ക്രമവം, അച്ചടക്കം, ആരാധന, വിശ്വാസം എന്നിവയുമായുള്ള ബന്ധത്തിൽ, അത് വീണ്ടും കണ്ടുപിടിക്കേണ്ടതുണ്ട്; അതിനായി 1 കൊരിന്ത്യർക്ക് എഴുതിയ ലേഖനം ആവശ്യമാണ്.[16]

ബാരറ്റ് ഇതു എഴുതി പല ദശാബ്ദങ്ങൾ കഴിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ കാലത്ത് അത് പ്രായോഗികമായിരുന്നതുപോലെ നമ്മുടെ കാലത്തും പ്രായോഗികം തന്നെയാണ്.

പൗലൊസ് കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിന്റെ ചുരുങ്ങിയ രൂപരേഖ ഇതാ:

മുഖവുര: സൊസ്തനോസിൽ നിന്നും പൗലൊസിൽനിന്നും വന്ദനം (1:1–3)

I. ശ്രദ്ധയും തിരുത്തലും ആവശ്യമായിരുന്ന കൊരിന്ത്യ സഭയിലെ പ്രശ്നങ്ങൾ (1:4—6:20)
   - ഏ. ജ്ഞാനവും വിഭാഗീയ കയ്പും യോജിക്കാവുന്നതായിരുന്നില്ല (1:4—4:21)
   - ബി. ക്രിസ്തു ആവശ്യപ്പെടുന്ന ധാർമ്മികമായ ആത്മാർത്ഥത (5:1–6:20)

II. സഭയിൽ നിന്നുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം (7:1–16:18)
   - ഏ. വിവാഹത്തെ സംബന്ധിച്ച ചോദ്യം (7:1–40)
   - ബി. വിഗ്രഹാരാധനനയെ കുറിച്ചും മറ്റുമുള്ള ചോദ്യങ്ങൾ (8:1—11:34)
   - സി. ആത്മികവരങ്ങളെ കുറിച്ചുള്ള ചോദ്യങ്ങൾ (12:1–14:40)
   - ഡി. മരിച്ചവരുടെ ഉയർപ്പിനെ കുറിച്ചുള്ള ചോദ്യം (15:1–58)
   - ഈ. അന്തിമ കാര്യങ്ങൾ (16:1–18)

ഉപസംഹാരം (16:19–24)

## പ്രായോഗികത

### ജീവിതത്തെ കരുതാതിരിക്കലും ദുർന്നടപ്പും

അഫ്രോദിത്തോസ് സ്നേഹ ദേവതയായിരുന്നു, പക്ഷെ അവൾ

കുട്ടികൾ ജനിക്കുന്നതിന്റേയും കുടുംബത്തിന്റേയും ദേവത ആയിരുന്നില്ല. ഗ്രീക്കുകാർ സംരക്ഷണത്തിനും, കുട്ടികൾ ജനിക്കുന്നതിനും കുടുംബകാര്യങ്ങൾക്കായി നോക്കിയിരുന്നത്, അടുപ്പു ദേവതയായിരുന്ന ഹെസ്റ്റിയയിലേക്കും സൂയസിന്റെ ഭാര്യ ഹീരയിലേക്കുമായിരുന്നു, ഇന്ദ്രിയ സുഖഭോഗത്തിന് ശിശുക്കൾ ശല്യമായി തീർന്നതിനാൽ അത് അഫ്രോദിത്തോസിനും അങ്ങനെയായിരുന്നു, ശിശുക്കളെ മലഞ്ചെരുവിൽ ഉപേക്ഷിക്കപ്പെടുമ്പോഴും, ഗർഭഛിദ്രം വരുത്തി ശിശുക്കളെ കൊല്ലുമ്പോഴും, സംരക്ഷണ നൽകേണ്ട ആ ദേവത ഒരിടത്തും ഇല്ലായിരുന്നു.

ബന്ധങ്ങളിൽ, വില കുറഞ്ഞ മനുഷ്യജീവിതത്തെയും, അധാർമ്മികത്വത്തെയും കാണിക്കുന്നതാണ് അഫ്രൊദിത്തോസിനെ കുറിച്ചുള്ള ഐതിഹ്യം. അവ രണ്ടും ഒരുമിച്ച് പോകുന്നവയാണ്. ഗ്രീക്ക് പുരാണതിഹാസങ്ങളിലെ എഫ്രിദൊത്തോസിനെ ചിലപ്പോൾ, ഹെഫെസ്തോസിന്റെ ഭാര്യയായും പറഞ്ഞിരരുന്നു. അവൻ സൂയസിന്റെ മുടന്തനും കോമാളിയുമായ മകനായി ദേവന്മാരിൽ അറിയപ്പെടുന്നു. എങ്ങനെയായാലും, പലപ്പോളും അവൾ ബിരുദധാരിയുകുന്നത് ആഴ്സിന്റെ ഭാര്യയാകുന്നതിനാണ്. യുദ്ധ ദേവതയായിരുന്ന മാഴ്സിന്റെ പ്രതിരൂപമായിരുന്നു ആഴ്സ്, എന്നാൽ മാഴ്സിനു ചില വീണ്ടെടുപ്പിൻ യോഗ്യതകളുണ്ടായിരുന്നു. അവന് കൃഷിയുമായിട്ടടാണ് ബന്ധം. രക്തം, മുറിപ്പെടുത്തൽ, മരണം എന്നിവയുമായി ബന്ധപ്പെടുന്ന ഗ്രീക്ക് ദേവനാണ് ആഴ്സ്. ആഴ്സിന്റെ പ്രേമത്തെയും ഇന്ദ്രിയഭോഗസുഖത്തെ ചിത്രികരിക്കുന്നതുമായ കലാ രൂപങ്ങൾ പൗലൊസ് എഫ്രിദോത്തോസിനെ കുറിച്ച് വിവരിക്കുന്ന കാലത്ത് കാണാമായിരുന്നു, യുദ്ധസ്ഥലത്ത് വിതറപ്പെട്ടിരിക്കുന്ന ശാരീരികാവയവങ്ങളുടെ ദേവനായും ആഴ്സിനെ അറിയപ്പെടുന്നു.

മനുഷ്യ മനസിന്റെ ഇരുണ്ട വശത്തെ സൂചിപ്പിക്കുന്നതാണ് അഫ്രൊഡൈറ്റുമായും ആഴ്സുമായുമുള്ള ബന്ധം കാണിക്കുന്നത്. ലൈംഗിക സുഖത്തിനായി ആളുകൾ, വീടുകളെയും, കുടുംബങ്ങളെയും സമർപ്പണത്തെയും വിട്ടുകളഞ്ഞ് ഉപേക്ഷിക്കുന്നതിലേക്ക് തിരിയുമ്പോൾ, അവർ ജീവിതം വില കുറഞ്ഞാക്കുകയാണ്. അഫ്രൊഡൈറ്റുമായും ആഴ്സുമായുള്ള ബന്ധം യാദൃശ്ചികമായി വിട്ടുകളയുമ്പോൾ, ലൈംഗിക വിലക്കുകൾ കുറഞ്ഞു വന്നേക്കാം, ഫല സമൃദ്ധി വിഭാഗം പഴയ നിയമത്തിൽ കാണുന്നതിന് രണ്ട് പരിശീലനങ്ങൾ ആണുള്ളത്. അവ യിസ്രായേലിന്റെ ദൈവം വെറുത്തിരുന്നു. ആദ്യത്തേത് വിശുദ്ധ വേശ്യാവൃത്തി. ഹോശേയാ പറയുന്നു, "... അവിടെ നിങ്ങളുടെ പുത്രിമാർ പരസംഗം ചെയ്യുന്നു. നിങ്ങളുടെ പുത്രഭാര്യമാർ വ്യഭിചരിക്കുന്നു." (ഹോശേ. 4:13). "നീ പരസംഗം ചെയ്കയും ധാന്യക്കളത്തിൽ ഒക്കെയും വേശ്യാസമ്മാനം ആഗ്രഹിക്കയും ചെയ്തു" എന്നും പറഞ്ഞിരിക്കുന്നു (ഹോശേ. 9:1). മാനുഷ യാഗമായിരുന്നു ദൈവം എടുത്തു പറഞ്ഞ കനാനിലെ മതപരമായ ആചാരം ആയിരുന്നു അടുത്തത്. "അവർ ഉയർന്ന സ്ഥലത്ത് പൂജാഗിരികളെ പണിതു ... തങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും അഗ്നിയിൽ ദഹിപ്പിച്ചിരുന്നു" എന്നായിരുന്നു യിരെമ്യാവ് തന്റെ "ക്ഷേത്ര പ്രസംഗത്തിൽ" പ്രസംഗിച്ചത് (യിരെ. 7:31). കനാനിലെ വിഗ്രഹാരാധന, തികച്ചും ലൈംഗികതയുമായി ബന്ധപ്പെട്ടതായിരുന്നു, കൂടാതെ അവരുടെ മക്കളെ മോളേക്കിന് യാഗം അർപ്പിക്കയും ചെയ്യുമായിരുന്നു.

ആധുനിക ലോകത്തിൽ, കൂടെയും, ലൈംഗിക സ്വാതന്ത്ര്യം — വിവാഹം കൂടാതെ ഒരുമിച്ചു താമസിക്കുന്ന ദമ്പതികൾ, എളുപ്പത്തിലുള്ള ഉപേക്ഷണം,

അശ്ലീല സാഹിത്യ വ്യവസായം എന്നിവയിൽ ഏർപ്പെട്ടിരുന്നത് ജീവിതത്തെ കണക്കാക്കാതെയായിരുന്നു. ഗർഭഛിദ്രം മനുഷ്യാവകാശമായി ജ്വലിച്ചു നിന്നിരുന്നു. പൈതങ്ങളെ ഉന്മൂലനം ചെയ്തിരുന്നത് ഇന്നത്തെ ഗർഭഛിത്രം പോലെയായിരുന്നു. ക്രിസ്തുവിന് വളരെ വർഷങ്ങൾക്ക് മുൻപ് ഗ്രീക്കു കാർക്കിടയിൽ ഇഷ്ടമില്ലാത്ത ശിശുക്കളെ മലഞ്ചെരുവിൽ വന്യമൃഗങ്ങൾക്കും ജന്തുക്കൾക്കും ഇരയായി കൊടുക്കുന്നത് പൊതുവായ കാര്യമായിരുന്നു. അത്തരം പരിശീലനങ്ങൾ സ്വീകരിച്ചിരുന്നവർക്ക് ജീവിതം വില കുറഞ്ഞതു തന്നെയായിരുന്നു. പൗലൊസിന്റെ കാലത്ത്, ഒരു കുഞ്ഞു ജനിക്കുന്നതിനേക്കാൾ, അതിനെ ഗർഭഛിദ്രം വരുത്തുന്നതാണ് സൗകര്യപ്രദം എന്നാണ് ആളുകൾ ചിന്തിച്ചിരുന്നത്. ഒരു ശിശു ജനിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് അത് വ്യക്തിയാകുന്നില്ല, മറിച്ച് ജനിച്ച് രു മണിക്കുർ കഴിഞ്ഞാണ് അമ്മ കുഞ്ഞിനെ വ്യക്തിയായി കണക്കാക്കുന്നത്.

നിരപരാധിയായ ശിശുവിന്റെ മരണവും ബന്ധപ്പെട്ടിരുന്നു. എങ്ങനെയായാലും, ലൈംഗിക കൃതാർത്ഥതയുടെ ഫലമാണ് പുതിയ ജീവൻ. ഉയർച്ചയും താഴ്ച്ചയും ഒരുമിച്ചുള്ളതാണ്, ലൈംഗികതയുടെ കൃതാർത്ഥത ബഹുമാനിക്കൽ. ലൈംഗികത കൃതാർത്ഥതക്ക് മാത്രമായാൽ, അത് പെട്ടെന്ന് കൃതാർത്ഥാരഹിതമാകയും ചെയ്യും. ലൈംഗികത സമർപ്പണത്തിനായി മാറ്റിയാൽ,പുരാതനലോകത്തേതിനേക്കാൾ, ആധുനിക കാലത്ത് പ്രയോജനപ്പെടും.

---

കുറിപ്പുകൾ

[1]διασπορά (*ഡയാസ്പോറാ*) എന്നത് പുതിയ നിയമത്തിൽ മൂന്നു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു: യോഹ. 7:35; യാക്കൊ. 1:1; 1 പത്രൊ. 1:1. ചിതറിപ്പോയ ക്രിസ്ത്യാനികളെ പറയുന്നതിന് ലേഖനത്തിൽ ആ വാക്ക് രണ്ട് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. യെഹൂദന്മാരുടേത് കനാൻ ആയിരുന്നുവെങ്കിൽ, ക്രിസ്ത്യാനികളുടെ സ്വദേശം സ്വാർഗം ആകുന്നു. [2]ഹെരോഡോട്ടസ്. *പേർഷ്യൻ വാഴ്സ്* 2.167. ഹെരോഡോട്ടസ് (സി. 484–425 ബി. സി.), ഗ്രീക്ക് ചരിത്രകാരൻ ജീവിച്ചിരുന്നത് ഹാലിക്കാമസസിൽ (ആധുനിക - തുർക്കിയിൽ), "ചരിത്ര പിതാവ്" എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്, കാരണം ആദ്ദേഹമാണ് സംഭവങ്ങളെ കോർത്തിണക്കി ചരിത്രപരമായ വ്യവസ്ഥയിൽ രേഖപ്പെടുത്തിയത്. അക്കാലത്തെ ആളുകളെയും, ആചാരത്തെയും, ഭൂമിശാസ്ത്രത്തെയും കോർത്തിണക്കി രചിച്ച ഗ്രന്ഥമായിരുന്നു പേർഷ്യൻ വാഴ്സ്. അദ്ദേഹത്തിന്റെ രചനയിൽ അപര്യാപ്തത ഉണ്ടായിരുന്നുവെങ്കിലും, ബൈബിൾ വിദ്യാർത്ഥികൾക്കും, ചരിത്രവിദ്യാർത്ഥികൾക്കും പ്രയോജനപ്പെടും. [3]റോമൻ സാമ്രാജ്യം ആരംഭിച്ച വർഷം ബി. സി., 27 ലാണ്, സെനറ്റിൽ, ഒക്ടേവിയസ്, "അഗസ്റ്റസ്" എന്ന പദവി നൽകുവാൻ തീരുമാനിച്ചത്. [4]ക്ലൗസ് ഹാക്കറിൽ, ഗല്ലിയോവിനെ കുറിച്ചുള്ള നല്ല ഒരു ചരിത്ര വിവരണം കൊടുത്തിരിക്കുന്നു, "ഗല്ലിയോ," *ഇൻ ദ ആങ്കർ ബൈബിൾ ഡിക്ഷ്ണറി*, എഡി. ഡേവിഡ് നോവേൽ ഫ്രീഡ്മാൻ, (ന്യൂയോർക്ക്: ഡബിൾഡേ, 1992), 2:901–3. [5]ദെമെത്രയോസിന്റെ ക്ഷേത്രത്തിൽ വന്നിരുന്ന റോമാക്കാർ, യഥാർത്ഥ കൊരിന്തിന്റെ അതിരായ അക്രോകൊരിന്തിന്റെ ചരിവുകളിൽ താമസിച്ചിരുന്നവരായിരുന്നു. ഖനനം ചെയ്യുന്നവർ അക്കാലത്തെ ഭക്ഷണ മുറിയും ബന്ധപ്പെട്ട രീതിയും കണ്ടെടുക്കപ്പെട്ട പുരാതനവസ്തുക്കളിൽ പെട്ടിരുന്നു. (നാൻസി ബുക്ക്കിഡിസ് ആന്റ്റൊണാൾഡ് സ്ട്രൗഡ്, ഡമെറ്റെർ ആന്റ് പെർസെഫോണെ *ഇൻ ഏൻഷ്യന്റ് കൊരിന്ത്* [പ്രിൻസ്റ്റൺ: അമേരിക്കൻ സ്ക്കൂൾ ഓഫ് ക്ലാസിക്കകൽ സ്റ്റഡീസ്, 1987].)

[6]കൊരിന്തിലെ മേലെഴുത്തുകൾ ജോൺ ഹാർവെ കെന്റിൽ പ്രസിദ്ധീകരിച്ചിരുന്നു, *ദ ഇൻസ്ക്രിപ്ഷൻസ്, 1926 – 1950, കൊരിന്ത്.* വാല്യം. 8 പിടി. 3 (പ്രിൻസെറ്റോൺ എൻ. ജെ: അമേരിക്കൻ സ്കൂൾ ഓഫ് ക്ലാസിക്കൽ സ്റ്റഡീസ് അറ്റ് ഏതൻസ്, 1966). [7]പുരാതന നഗരങ്ങളെ കുറിച്ചും ജനസംഖ്യകളെ കുറിച്ചുമെല്ലാം വിവിധ രീതിയിൽ അവകാശവാദമുന്നറിയിച്ചവരെ കാണാം ഒരു ദശ ലക്ഷത്തിൽ പകുതി എന്ന് പ്രെസ്റ്റൺ ഡുവെയിനും റോജർ എസ് ബാഗ്നാലും പറയുന്നു, "എഫെസൊ സിലെ നാൽപതി നായിരം പൗരന്മാർ" എന്ന് ആണ് *ക്ലാസിക്കൽ ഫിലോളജി* 83 (ജൂലയ് 1988): 220–23. [8]സ്ട്രാബോ ജിയോഗ്രഫി 8.6.20. [9]ജെരോം മർഫി ഓ കൊണോർ, *സെന്റ്. പോൾസ് കൊരിന്ത്: ടെക്സ്റ്റ് ആന്റ് ആർക്കിയോളജി,* 3 ഡ് റെവ. ആന്റ് എക്സ്പ്. (എഡി. കോളേജെബിൽ മിൻ ലിറ്റർജിക്കൽ പ്രസ്, 2002), 56. [10]സ്ട്രാബോ *ജിയോഗ്രഫി* 8.6.20.

[11]സരോമിക് ഗൾഫിനടുത്തു സ്ഥിതി ചെയ്തിരുന്ന ഒരു ചെറിയ പട്ടണമായിരുന്നു എപ്പിഡാറസ് (കൊരിന്തിലെ ഇസ്ത്മസിന്റെ തെക്കു കിഴക്കു ഭാഗത്ത്). ഗ്രീക്ക് ലോക ത്തിലെ പ്രധാന സൗഖ്യകേന്ദ്രമായി അറിയപ്പെട്ട, പ്രധാന ആസ്ക്ലെപെയോണിന്റെ രംഗമായിരുന്നു, അത്, അതായത്, അപ്പോളോയുടെ മകൻ ആസ്ക്ലെപെയോണിന്റെ ജന്മസ്ഥലമായയിട്ടാണ് വിശ്വസിക്കപ്പെട്ടിരുന്നത്. അവിടെ വരുന്ന രോഗികൾക്ക് രാത്രി യിൽ ഉറങ്ങുവാൻ 160 - കിടക്കകളുള്ള ഹാളിലായിരുന്നു അവർ ഉറങ്ങിയിരുന്നത്, ഉറക്കത്തിൽ അവരുടെ ദേവൻ വെളിപ്പെട്ട് രോഗസൗഖ്യത്തിന് എന്തു ചെയ്യണമെന്നു വെളിപ്പെടുത്തുമെന്നായിരുന്നു വിശ്വസിച്ചിരുന്നത്. [12]സുവെറ്റോണിയസ് *ലൈഫ് ഓഫ് ക്ലൗഡിയസ്* 25.4. [13]എഫ്. എഫ്. ബ്രൂസ്, *പോൾ: അപ്പൊസ്തൽ ഓഫ് ഹാർട് സെറ്റ് ഫ്രീ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്. ഡബ്ലിയു. എം. ബി ഏർഡ്മാൻ പബ്ലിഷിങ് കമ്പനി., 1977), 251. [14]സുവെറ്റോണിയസ് *ലൈഫ് ഓഫ് ക്ലൗഡിയസ്* 25.4. [15]ഡിയോ ക്രിസോസ്റ്റം *ഡിസ്കോഴ്സസ്* 8.9. [16]സി. കെ. ബാരറ്റ്, *ഏ കമെന്ററി ഓൺ ദ ഫസ്റ്റ് എപ്പിസ്റ്റിൽ ടു ദ കോരിന്ത്യൻസ്,* ഹാർപേഴ്സ് ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (സാൻ ഫ്രാൻസിസ്കോ: ഹാർപ്പർ & റോ, 1968), v-vi.